Registered No. M-4485 Madras War Review, Malayalam—21-7-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂലായി 21-ാംനു, വെള്ളിയാഴ്ച [ലക്കം 46

UNIVERSITY LIBRARY MADRAS



മൌണ്ട്ബാററൻ പ്രഭു

## അതിഭയങ്കരമായ ഒരു പരാജയം

**യുദ്ധരംഗം** സന്ദർശിച്ചതിന്നുശേഷം ഞാൻ നിങ്ങളിൽ കണ്ടതായ യുദ്ധവൈദഗ്ദ്ധ്യവും കരുത്തും എനിക്കഭിനന്ദിക്കാതെ കഴികയില്ല. അതിഭയങ്കരമായ ഒരു യുദ്ധം നിങ്ങൾ ചെയ്യാൻ തുടങ്ങീട്ടു് നാലു മാസമായി. നിങ്ങളുടെ കരുത്തു് എത്രത്തോളം കുറക്കാമെങ്കിൽ അത്രത്തോളം ഭയങ്കരമയ യുദ്ധവുമാണു് നടന്നതു്. ശത്രുവിന്നു് ആൾനാശം നാം ചെയ്തുതന്നെയാണു് ജാപ്പാൻകാർ ചരിത്രത്തിൽ അറിയാത്തതായ തോല്മ അവൎക്കു് വരുത്തികൂട്ടിയതു്. നിങ്ങൾ ഇതെവരെ കാണിച്ച ധീരത ഒടുവിൽ ജാപ്പാന്റെ ശക്തിയെ ഉന്മൂലനാശം ചെയ്വാൻ പൎയ്യാപ്തമാകുമെന്നു് എനിക്കു് പൂൎണ്ണബോദ്ധ്യമുണ്ടു്.

—അഡ്മിറൽ മൌണ്ട്ബാററൻ, ജൂലായി 15-ാം തിയ്യതി തന്റെ സൈന്യങ്ങൾക്കു് നൽകിയ സന്ദേശത്തിൽനിന്നു്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| അതിഭയങ്കരമായ ഒരു പരാജയം .. .. | 1 | ഇന്ത്യയിൽ ഭക്ഷണസംഭരണം .. .. | 7 |
| മഹദ്വാക്യങ്ങൾ: മിത്ഥ്യയാകയില്ല .. .. | 2 | ഇന്ത്യയിലെ യുദ്ധകാലസാമ്പത്തികസ്ഥിതി .. | 8 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3-4 | ബൃഹൽഭാരതം .. .. .. | 9-11 |
| പ്രത്യേക ലേഖനങ്ങൾ .. .. .. | 5-6 | യുദ്ധാനന്തരജീവിതം .. .. .. | 12 |


# മഹദ്വാക്യങ്ങൾ: മിത്ഥ്യയാകയില്ല

## ഫ്രാൻസിൻെറ വിമോചനം

"ഫ്രാൻസിലെ ജനത 1945 ജൂലായി 14-ാം തിയ്യതി അവരുടെ മാതൃഭൂമിയുടെ മണ്ണിൽവെച്ച് തങ്ങളുടെ മഹത്തായ ദേശീയമഹോത്സവം കൊണ്ടാട്ടുമെന്നാണ് എൻെറ പൂർണ്ണവിശ്വാസം. ആക്രമികളിൽനിന്നും വിഷിയിൽ ഇന്ന് ഭരണകർത്താക്കന്മാരായിരിക്കുന്ന കൊള്ളരുതാത്തവരിൽനിന്നും ഫ്രാൻസിനെ മോചിപ്പിച്ച ദിവസത്തെ ആസ്പദിച്ചായിരിക്കും ഈ ദേശീയമഹോത്സവം."

—പ്രസിഡൈണ്ട് റൂസ്‌വെൽട്ട്.

❖ ❖ ❖ ❖

## അതിഭയങ്കരകാലം വരുന്നതേ ഉള്ളൂ

"യുദ്ധത്തിൻെറ അതിഭയങ്കരകാലം വരുന്നതേ ഉള്ളൂ. കലാശവിജയം കൈവരുന്നതിന്നുമുമ്പ് ഇനിയും കഠിനമായ കഷ്ടപ്പാടുകളും, വിപുലമായ ത്യാഗങ്ങളും ഐക്യകക്ഷിരാജ്യങ്ങൾ ചെയ്യാനുണ്ട്."

—പ്രസിഡൈണ്ട് റൂസ്‌വെൽട്ട്, ജൂലായി 12-ാം തിയ്യതി.

❖ ❖ ❖ ❖

## ശാന്തസാഗരാബ്ദം

"യുദ്ധാനന്തരം പുതിയ വ്യവസായങ്ങൾക്കും, പുതുതായി ഫലപ്രദമായ നിലയിൽ പണമിറക്കേണ്ടതിന്നും, പുതിയ കച്ചവടത്തിന്നും, പുതുതായ കാര്യസാദ്ധ്യങ്ങൾക്കും വല്ല പ്രദേശങ്ങളും ലോകത്തിലുണ്ടെങ്കിൽ ആയതു് വടക്കൻ ശാന്തസമുദ്രവും കിഴക്കൻ ഏഷ്യയുമാണെന്ന് എനിക്ക് പൂർണ്ണബോദ്ധ്യമായിരിക്കുന്നു. അതിനാൽ യുദ്ധാനന്തരകാലത്തെ 'ശാന്തസാഗരാബ്ദം' എന്നു പറയുന്നതിൽ യാതൊരു തെററും ഇല്ല."

—മി. വാലസ്സ്, അമെരിക്കൻ വൈസ്-പ്രസിഡൈണ്ട്.

❖ ❖ ❖ ❖

## തെന്നിന്ത്യൻ യോദ്ധാക്കളുടെ യുദ്ധവൈദഗ്ദ്ധ്യം

"ഇന്നത്തെ യുദ്ധത്തിൽ ആദ്യം രംഗപ്രവേശം ചെയ്യാനുണ്ടായതു് മദിരാശിക്കാരായ യോദ്ധാക്കളുടെ ഒരു സംഘമായിരുന്നു. ജപ്പാനെ തോല്പിക്കുന്ന കാര്യത്തിൽ കലാശക്കയ്യ് കൊട്ടുന്നതിന്നുമുമ്പ് തെക്കെ ഇന്ത്യക്കാരായ യോദ്ധാക്കൾ ഇനിയും യുദ്ധരംഗത്തിൽ പ്രബലമായ ഒരു സ്ഥാനം നേടുമെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല."

—സേർ നീൽബർസ് ഫോർഡ്‌വിയേർസി.

UNIVERSITY LIBRARY MADRAS

നോർമണ്ടി യുദ്ധരംഗത്തിൽ ചെർബർഗ്, കാങ് എന്നീ സ്ഥലങ്ങൾ ഐക്യകക്ഷിസൈന്യങ്ങൾ കയ്യലാക്കിയതിന്നുശേഷം ജർമ്മൻ സൈന്യം കാട്ടുന്ന പരാക്രമം ഒരു മരണഗോഷ്ഠിതന്നെയായിട്ടുണ്ടു്. അമേരിക്കൻ സൈന്യം ചെർബർഗ് തുറമുഖം പിടിച്ച് നേരെ തെക്കോട്ടഭിമുഖീകരിച്ചുകൊണ്ടു് പുരോഗമിക്കുന്നവസരത്തിൽ ഇപ്പോൾ ലക്ഷ്യമാക്കീട്ടുള്ളതു് സെയിന്റ് ലോ എന്ന നഗരിയാണ്. ബ്രിട്ടീഷ് സൈന്യവും കനേഡിയൻ സൈന്യവും കാങ് നഗരി പിടിച്ച് ഇപ്പോൾ ഓൺ നദിക്കും ഓഡൺ നദിക്കും ഇടയിലുള്ള പ്രദേശങ്ങളിൽ സങ്കേതമുറപ്പിച്ചുവരികയാണ്. ഈ രണ്ടു ഖണ്ഡങ്ങളിലും റോമലിന്റെ കീഴിലുള്ള ജർമ്മൻ സൈന്യം അതിഗംഭീരമായി എതൃക്കുന്നു. അതിനാൽ ഐക്യകക്ഷിസൈന്യങ്ങളുടെ പുരോഗതി അല്പം സാവധാനത്തിലായിരിക്കുന്നു. എന്നാൽ അവർ ഉറപ്പിച്ച നിലയിൽനിന്നു് ഇളക്കുവാൻ ജർമ്മൻ സൈന്യത്തിന്റെ സർവ്വ പരിശ്രമങ്ങളും നിഷ്ഫലമായിട്ടാണ് കാണുന്നതു്. എത്ര ശക്തിയിലുള്ള പ്രത്യാക്രമണം ജർമ്മൻ സൈന്യം നടത്തിയാലും ഐക്യകക്ഷികൾക്ക് ഇപ്പോൾ സിദ്ധിച്ചതായ വൈമാനികപ്രാബല്യം നിമിത്തം ജർമ്മൻകാർക്കു ഒരേടത്തും പ്രബലമായവിധം സൈന്യശേഖരം ചെയ്‌വാൻ സാധിക്കുന്നില്ല.

## അമേരിക്കൻ വിമാനസൈന്യം

ജർമ്മനിക്കു സർവ്വരംഗങ്ങളിലും ഒരു ഘട്ടത്തിൽ വിജയം പ്രാപിക്കാനിടവന്നിരുന്നതു് ബ്രിട്ടന്റെയും അമേരിക്കയുടെയും വിമാനസേനയെ വേണ്ടത്ര ശക്തിയോടുകൂടി രൂപീകരിപ്പാൻ സാധിക്കാഞ്ഞതിനാലാണ്.

# ആഴ്ചക്കുറിപ്പുകൾ

എന്നാൽ ഇന്നു് അതിന്റെ രൂപീകരണം പൂർത്തിയായിരിക്കുന്നതിനാൽ ജർമ്മൻ വിമാനസേനയുടെ ശക്തി ദുർബ്ബലപ്പെട്ടിരിക്കുന്നു. യു.



ജനറൽ മണ്ട്ഗോമറി നേർസുമാരോടു സംസാരിച്ചു നില്ക്കുന്നു

എസ്. സ്റ്റ്രാറ്റജിക്ക് എയർ ഫോർസ് എന്ന അമേരിക്കൻ വിമാനസേനയുടെ രൂപീകരണത്തിന്നുശേഷം ആദ്യത്തെ ആറു മാസംകൊണ്ടു അതിന്നു സിദ്ധിച്ചതായ പ്രാബല്യത്തിന്റെ ഒരു റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. ആദ്യത്തെ ആറുമാസംകൊണ്ടു് ജർമ്മൻ ലഫ്ട്‌വാഫ് വിമാനസേനയുടെ ശക്തി ഗണ്യമായവിധം കുറച്ചതിനാൽ ഐക്യകക്ഷികളുടെ ബോംബർ വിമാനങ്ങൾക്കു് ഹിററ്ലറുടെ കോട്ടക്കുമേലെ ചെല്ലുവാനും, ലക്ഷ്യങ്ങൾ കുറിക്കു് ബോംബിട്ടു നശിപ്പിക്കുവാനും, തങ്ങൾക്കു് അധികരിച്ച നാശനഷ്ടങ്ങൾ ഇല്ലാതെകഴിപ്പാനും സാധിച്ചു. രണ്ടാമതു്, യൂറോപ്യൻ ആക്രമണഘട്ടം ആയപ്പോഴെക്കും വിമാനസൈന്യശക്തിയിൽ നിസ്സംശയമായ മെച്ചം ഐക്യകക്ഷികൾക്കു് സ്ഥാപിക്കാൻ സാധിച്ചു. മൂന്നാമതു് ജർമ്മൻ സൈന്യത്തിന്റെ എണ്ണത്താവളങ്ങൾ പലതും നശിപ്പിക്കാൻ സാധിച്ചു. നാലാമതു് ജർമ്മൻകാരുടെ മററു സൈന്യോപകരണനിർമ്മാണത്താവളങ്ങളും നശിപ്പിക്കാൻ സാധ്യ

മായി. ജർമ്മൻ വിമാനസേനയെ ഒരു ഭയങ്കരശക്തി എന്ന നിലയിൽ ഐക്യകക്ഷികൾ എല്ലു മുറിച്ചുവിട്ടതു് ഫിബ്രുവരി 20 മുതൽ 25-ാം തിയ്യതി വരെയുണ്ടായ ഐക്യകക്ഷികളുടെ വിമാനാക്രമണങ്ങൾകൊണ്ടാണു്.

## സൈപ്പാൻ ദ്വീപു്

മരിയാനാസ് ദ്വീപ് സംഘത്തിൽപെട്ട സൈപ്പാൻ ദ്വീപു് അമേരിക്കൻ സൈന്യം കൈവശപ്പെടുത്തിയ ധീരകൃത്യത്തിന്റെ കഥ കുറേശ്ശകുറേശ്ശയായിട്ടെ നമുക്കു കിട്ടിവരുന്നുള്ളൂ. അമേരിക്കൻ കടൽസൈന്യസിക്രട്ടറി മി. ജെയിംസ് ഫോർസ്റ്റാൾ ഒരു പത്രപ്രസ്താവനയിൽ പറയുന്നതു് "സൈപ്പാൻ ഒന്നാം കിടയിലുള്ള ഒരു എണ്ണംപറഞ്ഞ സമ്മാനമാണു് നമുക്കു" എന്നാണു്. അതുകൊണ്ടു ജാപ്പാനു വന്നിട്ടുള്ള നഷ്ടവും ഗണ്യമായിട്ടുള്ളതാകുന്നു. ശാന്തസമുദ്രരംഗത്തിൽ അതിശക്തിയായ ഒരു സൈന്യസങ്കേതമായിട്ടാണു് അതിനെ ജാപ്പാൻകാർ പോററിവന്നിരുന്നതു്. ഈ ദ്വീപിന്റെ നാലുപാടും അമേരിക്കൻ വിമാനസൈന്യം ജൂൺ മാസത്തിൽ നടത്തിയ ആക്രമണംകൊണ്ടുമാത്രം ആയിരത്തിലധികം ജാപ്പാൻ വിമാനങ്ങളെ നശിപ്പിച്ചിട്ടുണ്ടു്". യുദ്ധം തുടങ്ങിയതിന്നു ശേഷം ഒരു മാസംകൊണ്ടു ഇത്രയധികം ശത്രുവിമാനങ്ങളെ ഒന്നായി നശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സൈപ്പാൻ ദ്വീപിനെ രക്ഷിക്കാൻവേണ്ടി ജാപ്പാൻ സൈന്യങ്ങൾ ചെയ്ത പരിശ്രമത്തിൽ ഏറെക്കുറെ 19,000 ജാപ്പാൻ ഭടന്മാർ നശിച്ചിരിക്കുന്നു. അമേരിക്കൻ സൈന്യവും സുമാറു് 15,000 ത്തോളം നശിച്ചിട്ടുണ്ടു്. ദ്വീപു് മുഴുവൻ കൈവശം വന്നതിനുശേഷം അമേരിക്കക്കാർ ശേഷിച്ച ജാപ്പാൻകാരെ നശിപ്പിച്ചുവരികയാണു്. ഈ പണി കഴിഞ്ഞ രണ്ടു ദിവസങ്ങളായി നടന്നുവരുന്നു. ഈ രണ്ടു ദിവസത്തിനുള്ളിൽ 1,000 ജാപ്പാൻകാരെ തടവുകാരാക്കി പിടിക്കുകയും 9,000 ജാപ്പാൻകാരെ നശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

## ഫ്രാൻസിന്റെ മോചനം

ഫ്രാൻസ് ജർമ്മൻ ശക്തിക്കു കീഴടങ്ങിയതിന്റെശേഷം ജർമ്മനിക്കധീനമായ വിഷി ഭരണമാണല്ലോ ശേഷിച്ച ഫ്രാൻസിൽ നടന്നുവരുന്നതു്. എന്നാൽ ഫ്രാൻസിനെ മോചിപ്പിക്കേണമെന്നുള്ള ഗൌരവമായ ഉദ്ദേശത്തോടുകൂടിയും, ഐക്യകക്ഷികളുടെ പൂർണ്ണസഹായസഹകരണങ്ങളോടുകൂടിയും ഫ്രഞ്ചു് സൈന്യനേതാവായ ജനറൽ ഡിഗാളിന്റെ പരിശ്രമങ്ങൾ ക്രമേണ ശക്തികൂടി ഇപ്പോൾ ഫ്രഞ്ചു് കമിററി ഓഫ് നാഷനൽ ലിബറേഷൻ എന്ന പേരിൽ ഒരു ഫ്രഞ്ചുഭരണം വടക്കൻ ആഫ്രിക്കയിൽ ആൾജിർസ് എന്ന പ്രദേശത്തു സുസ്ഥാപിതമായി. ഫ്രാൻസിന്നു് മോചനം കിട്ടികഴിഞ്ഞാൽ ന്യായമായ ഒരു ഭരണാധികാരം ഏർപ്പെടുന്നതുവരെ അവിടുത്തെ ഭരണം ഏല്പിച്ചുകൊടുപ്പാൻ പ്രാപ്തിയുള്ള ഒരു ഭരണാധികാരമാണു് ജനറൽ ഡിഗാളിന്റേതെന്നു് ബ്രിട്ടനും അമേരിക്കയും ഇതേവരെ വകവെച്ചുകൊടുത്തിട്ടുണ്ടായിരുന്നില്ല. അല്പദിവസങ്ങൾക്കുമുമ്പു ബ്രിട്ടൺ ഈ കാര്യത്തിൽ ജനറൽ ഡിഗാളിന്റെ ഭരണത്തെ അനുകൂലിച്ചുകൊണ്ടുള്ള അഭിപ്രായം പുറപ്പെടുവിച്ചു; ഇപ്പോൾ അമേരിക്കൻ ഗവൺമെണ്ടിന്റെ ആനുകൂല്യവും പ്രസിഡേണ്ടു് റൂസ്‌വെൽട്ടു് പ്രസ്താവിച്ചിരിക്കുന്നു. ജൂലായി 14-ാം തിയ്യതി ഫ്രഞ്ചു് സ്വാതന്ത്ര്യദിനമെന്നു് കരുതിവരുന്ന ദിവസമാണു് അമേരിക്കയുടെ ആനുകൂല്യവും ജനറൽ ഡിഗാളിന്നു് സിദ്ധിച്ചതു്. വരുന്ന കൊല്ലം ജൂലായി 14-ാം തിയ്യതി തീർച്ചയായും ഫ്രഞ്ചു് ജനത അവരുടെ സ്വാതന്ത്ര്യദിനം കൊണ്ടാടുമെന്നാണു് പ്രസിഡേണ്ടു് റൂസ്‌വെൽട്ടിന്റെ പ്രതീക്ഷ.

## ജനറൽ ഡിഗാൾ

ഫ്രഞ്ചുസൈന്യനേതാക്കന്മാരിൽ എത്രയും പഠിപ്പും പാടവവുമുള്ള ഒരു മാന്യനാണു് ജനറൽ ഡിഗാൾ; എന്നുമാത്രമല്ല, നവീനയുദ്ധശാസ്ത്രപണ്ഡിതന്മാരിലഗ്രേസരനുമാണു്. അദ്ദേഹത്തിന്റെ ബഹുമാന്യത ഐക്യകക്ഷികൾ അറിയുന്നതിലും ജാസ്തിയായി അറിയുന്നതു് ശത്രുക്കളായ ജർമ്മൻകാരാണു്. നവീനയുദ്ധരീതിയിൽ ടാങ്കുകൾക്കു് ഒരു പ്രധാനസ്ഥാനം ഉണ്ടായിരിക്കുമെന്നും, അതിനാൽ ശത്രുക്കളെ നേരിടുവാനുള്ള പ്രാപ്തി ഫ്രാൻസിന്നുണ്ടാകേണമെങ്കിൽ തീർച്ചയായും ടാങ്കുകൾ അധികമായി പണിചെയ്യിച്ചു് ശേഖരിക്കേണമെന്നുമായിരുന്നു അദ്ദേഹം ആദ്യം മുതല്ക്കു് ഫ്രഞ്ചുഗവൺമെണ്ടിനോടുപദേശിച്ചിരുന്നതു്. ചുരുക്കിപ്പറയുന്നതായാൽ, ഇന്നത്തെ പാൻസർ ഡിവിഷൻ എന്നു പറയുന്ന സൈന്യവ്യൂഹരീതിയുടെ ജനയിതാവാണു് ജനറൽ ഡിഗാൾ. അദ്ദേഹത്തിന്റെ ഉപദേശം ഫ്രഞ്ചുഗവൺമെണ്ടിന്നു അത്രയധികം ഇഷ്ടപ്പെട്ടില്ലെങ്കിലും, അതിനെ പദംപ്രതി അന്നത്തെ ജർമ്മൻ ഭരണകർത്താക്കന്മാർ പകർത്തി പുഷ്ടിപ്പെടുത്തി. ഫ്രഞ്ചുകാർ മാഗിനാട്ടു് ലൈൻ എന്ന കോട്ടനിരയെ കലശലായി വിശ്വസിച്ചു പോന്നിരുന്നതെല്ലാം ജനറൽ ഡിഗാളിന്നു പുച്ഛമായിരുന്നു. ഇത്രയെ

(ശേഷം 6-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജൂലായി 21-ാംനു, വെള്ളിയാഴ്ച

## വിൽനാ

വിൽനാ ലിത്തുനിയായുടെ തലസ്ഥാനനഗരിയാണ്. ജർമ്മൻകാരുടെ കൈക്കൽനിന്ന് ഈ നഗരിയെ റഷ്യൻ സൈന്യം ജൂലായി 13-ാം തിയ്യതി പിടിച്ചിരിക്കുന്നു. അവിടെയുണ്ടായിരുന്ന ജർമ്മൻ സൈന്യത്തെ റഷ്യൻ സൈന്യം ഉന്മൂലനാശം ചെയ്കയും ചെയ്തു. വിൽനാ, ഡ്വിൻസ്ക്, പാസ്കോവ് ഈ മൂന്നു പ്രധാന നഗരികളും ജർമ്മൻകാർ കൈവശം വരുത്തി, മൂന്നിനേയും കൂട്ടിബന്ധിച്ചുകൊണ്ടുള്ള ഒരു കോട്ടനിര അവിടങ്ങളിൽ സ്ഥാപിച്ചുകൊണ്ടാണ് ബാൾട്ടിക്ക് പ്രദേശത്തെ റിപ്പബ്ലിക്കൻ രാജ്യങ്ങളായ ലിത്തുനിയാ, ലാററ്വിയാ, എസ്തോണിയാ എന്നീ രാജ്യങ്ങളുടെ സംരക്ഷണം നടത്തിവരുന്നത്. ഇതിൽ വിൽനയാണ് ഏററവും തെക്കു ഭാഗത്തു കിടക്കുന്ന കോട്ട. എന്നാൽ മേൽപറഞ്ഞ മൂന്നിലുംവെച്ച് അതിശക്തിയായിരുന്ന ജർമ്മൻ സൈന്യസങ്കേതമായിരുന്നു വിൽനാ. സൈന്യസങ്കേതം മാത്രമല്ല, ഏററവും പ്രധാനപ്പെട്ട ഒരു ഗതാഗതകേന്ദ്രംകൂടിയായിരുന്നു. പാസ്കോവിൽനിന്ന് പോളണ്ടിന്റെ പ്രധാനനഗരിയായ വാർസാവിലേക്കുള്ള റെയിലിന്റെ ഒരു പ്രധാന ജങ്ക്ഷനുമാണ് വിൽനാ. ഈ തീവണ്ടിപ്പാത തെക്കുവടക്കായിട്ടാണ് കിടക്കുന്നത്". ഇനി. കിഴക്കുപടിഞ്ഞാറു മറെറാരു തീവണ്ടിപ്പാതയുള്ളതും വിൽനായിൽകൂടിയാണ് പോകുന്നത്. ഇതു റഷ്യയിൽനിന്ന് ഈസ്റ്റ് പ്രഷ്യയിലേക്കുള്ള തീവണ്ടിപ്പാതയാണ്. ഈസ്റ്റ് പ്രഷ്യ ജർമ്മനിയുടെ ഒരു സംസ്ഥാനമാണ്; അതിന്റെ തലസ്ഥാനനഗരിയാണ് കൊണിങ്ങ്സ്ബർഗ്. വിൽന പിടിച്ചതോടുകൂടി റഷ്യൻ സൈന്യം ഈസ്റ്റ് പ്രഷ്യയുടെ അതൃത്തിയിൽനിന്ന് 90 നാഴിക അടുത്തെത്തിയിരിക്കുന്നു. കോണിങ്ങ്സ്ബർഗിലേക്ക് ഇവിടെനിന്ന് 190 നാഴികയെ ഉള്ളൂ. വിൽനാ റഷ്യക്കാരുടെ കൈവശം വരാതിരിക്കുവാൻ ജർമ്മൻകാർ വളരെ പരിശ്രമിച്ചു. മററു വഴികളെല്ലാം നിഷ്ഫലമെന്നു കണ്ടപ്പോൾ ഒടുവിൽ അവർ അനവധി സൈന്യങ്ങളെ പാരാച്ച്യൂട്ട് വഴിയായും വിൽനായിൽ കൊണ്ടിറക്കി. വിൽനാ കൈവശം വന്ന് ഒട്ടും താമസിയാതെ റഷ്യൻ സൈന്യം ഡ്വിൻസ്ക് നഗരിക്കു നേരെയുള്ളാക്രമണവും ആരംഭിച്ചിരിക്കുന്നു. ലാററ്വിയായുടെ പ്രധാന നഗരിയായ റിഗയെ കാക്കുന്ന ജർമ്മൻ സങ്കേതമാണ് ഡ്വിൻസ്ക്.

## ജർമ്മനിയുടെ ഭീതി

"നമ്മുടെ സ്ഥിതി വളരെ മോശമായിരിക്കുന്നു. നാം ഒട്ടാകെ നശിക്കുമോ എന്നുള്ള ഘട്ടത്തിലാണ് എത്തിയിരിക്കുന്നത്. റഷ്യയിൽനിന്നു പൊന്തിവരുന്ന പടവെള്ളം നമ്മുടെ പുണ്യഭൂമിയായ ജർമ്മനിയെ മുക്കിയേക്കുമോ എന്ന് തോന്നിപോകുന്നു. എന്നാൽ ഈ പടവെള്ളം വന്ന് നമ്മുടെ പ്രേമസന്താനങ്ങളെ മുക്കുവാൻ യോദ്ധാക്കളായ നാം സമ്മതിക്കയില്ല. നാം ആരംഭിച്ച ധർമ്മയുദ്ധത്തിൽ സർവ്വസാധനങ്ങളെയും നശിപ്പിക്കേണമെന്നാണ് തോന്നുന്നത്. ഈ ആപത്തു നമ്മുടെ രാജ്യത്തിൽ എത്തുന്നതിന്നുമുമ്പു യൂറോപ്യൻ വൻകര നാം ആകമാനം നശിപ്പിക്കും. രക്തദാഹംകൊണ്ടുള്ള മുറവിളികൊണ്ടു യൂറോപ്പിനെ നാം നിറച്ചേക്കും." ഇതാണ് ജർമ്മനിയിലെ ഒരു വർത്തമാനകേന്ദ്രത്തിൽനിന്നു ജൂലായി 13-ാം തിയ്യതി കിട്ടിയ ഒരു പ്രസ്താവന. ജർമ്മനിയുടെ ഇത്തരത്തിലുള്ള അന്ത്യകാലഗോഷ്ടി ആരെയും പരിഭ്രമിപ്പിക്കുകയില്ല. പക്ഷെ, ഇന്നത്തെ സ്ഥിതി അവസാനഘട്ടമായിരിക്കുന്നുവെന്നും, ഈ ഘട്ടത്തിൽ എന്തെല്ലാം അക്രമങ്ങൾ കാണിക്കാമെങ്കിൽ അതെല്ലാം കാട്ടേണ്ടതാണെന്നും അവർ ഉറച്ചിരിക്കുന്നു. റഷ്യൻ പീരങ്കികളുടെ ശബ്ദം കിഴക്കൻ രംഗത്തിൽനിന്ന് ജർമ്മൻകാർക്ക് കേൾക്കാറായിരിക്കുന്നുവെന്നുള്ള സ്ഥിതി അവർക്കു ഒരുവിധത്തിലും ആശ്വാസജനകമല്ല. അതുപോലെതന്നെയാണ് ഐക്യകക്ഷിസൈന്യങ്ങൾക്ക് യൂറോപ്പിന്റെ പശ്ചിമരംഗത്തിൽ കണ്ടുവരുന്ന പുരോഗതിയും.

## മററു റഷ്യൻ രംഗങ്ങൾ

വിൽനയെപ്പോലെത്തന്നെ മറെറാരു വലിയ റഷ്യൻ വിജയമാണ് ഇഡ്രിസ്സായിൽ അടുത്തുണ്ടായത്.

ഇഡ്രിസ്സ പിടിച്ചതോടുകൂടി റഷ്യൻ സൈന്യം ജർമ്മനിയുടെ അതൃത്തിയിൽനിന്നു് 50 നാഴിക അടുത്തെത്തിയിരിക്കുന്നു. മറെറാരു ഖണ്ഡത്തിൽ പ്രീപ്പററ് മാർഷിൽകൂടി ഒരു റഷ്യൻ സൈന്യം കടന്നു് പോളണ്ടിലെ പിൻസ്ക് നഗരിക്കു് ഏഴു നാഴിക അടുത്തായിട്ടുണ്ടു്. മൂന്നാമതൊരു റഷ്യൻ സൈന്യം ഡ്വിൻസ്ക് നഗരിയോടെത്തുത്തു് ബാൾട്ടിക്ക് സമുദ്രത്തിന്റെ തീരത്തേക്കു കുതിക്കുന്നു. ഈ വഴിക്കുള്ള ഒരു പ്രധാന ജർമ്മൻ സൈന്യകേന്ദ്രമാണു് കോവ്നോ. കോവ്നോ റഷ്യൻ സൈന്യത്തിൽനിന്നു് രക്ഷിക്കേണ്ടതിന്നു് ജർമ്മൻ സൈന്യം അതിവേഗത്തിൽ ഇവിടെ വന്നുചേരുന്നുണ്ടു്. വടക്കൻ പോളണ്ടിൽ ഗ്രോസ്നോ, ബയലോസ്റ്റോക്ക്, ബ്രസ്റ്റ്ലിട്ടോവസ്ക് എന്നിനഗരികൾ റഷ്യൻ സൈന്യത്തിന്റെ ലക്ഷ്യങ്ങളായിത്തീർന്നിരിക്കുന്നു. ചുരുക്കിപറഞ്ഞാൽ, റഷ്യൻ രംഗത്തിൽ ജർമ്മൻ സൈന്യശക്തി തീരെ ഉടഞ്ഞു തകർന്നിരിക്കുന്നു. പോരെങ്കിൽ ഇത്തവണ റഷ്യക്കാർ ആരംഭിച്ച വേനൽക്കാല സമരരീതിയും അത്ഭുതപൂർവ്വമായ ശക്തിയോടും നയോപായങ്ങളോടുംകൂടിയാണു്. പശ്ചിമരംഗത്തിൽ ഐക്യകക്ഷികൾ ആരംഭിച്ച രണ്ടാം യുദ്ധരംഗത്തിലേക്കും ഏറക്കുറെ സഹായസഹകരണങ്ങൾ കിഴക്കൻ രംഗത്തിൽനിന്നു് കൊണ്ടുപോയിട്ടുണ്ടത്രെ. അങ്ങിനെയാണെങ്കിൽ കിഴക്കൻ രംഗത്തിൽ ജർമ്മൻ ശക്തിക്കു് വരുന്ന അധഃപതനം വിചാരിച്ചതിൽ കുറേക്കൂടി നേരത്തെയായേക്കാം.

# ബ്രിട്ടീഷ്–ജർമ്മൻ യുദ്ധം

## 255-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

(4-ാം പേജിൽനിന്നു തുടർച്ച)

ല്ലാം സൈന്യശാസ്ത്രവിദഗ്ദ്ധതയുള്ള ഒരു മാന്യനാണെങ്കിലും അദ്ദേഹത്തിന്നു് നെപ്പോളിയന്നുണ്ടായിരുന്നപോലെയുള്ള സാമ്രാജ്യമോഹം ഉണ്ടെന്നുള്ള വിശ്വാസത്തിന്മേലാണു ഐക്യകക്ഷികൾ ഇതേവരേയും അദ്ദേഹത്തിന്റെ ഭരണത്തിനെ വേണ്ടത്ര വകവെച്ചുകൊടുക്കാതിരുന്നതു. എന്നാൽ ഫ്രാൻസിനെ സ്വതന്ത്രയാക്കേണമെന്നു് അദ്ദേഹത്തിന്നുള്ള ആകാംക്ഷപോലെ മറെറാരുവന്നുമില്ലെന്നുള്ള പൂർണ്ണബോദ്ധ്യവും മി. ചർച്ചിലിന്നും, പ്രസിഡെണ്ടു് റൂസ്‌വെൽട്ടിന്നും ഉണ്ടുതാനും. ഇപ്പോൾ അദ്ദേഹത്തിന്റെ ഭരണാധികാരത്തെ ന്യായമായവിധം ഐക്യകക്ഷികൾ വകവെച്ചുകൊടുത്തിട്ടുണ്ടെന്നു് കാണുകയാൽ അദ്ദേഹത്തെ സംബന്ധിച്ചു് ഐക്യകക്ഷികൾക്കുള്ള ദുശ്ശങ്കകളെല്ലാം തീർന്നിരിക്കുമെന്നാണു വിചാരിക്കേണ്ടതു്. പോരെങ്കിൽ, അദ്ദേഹം സ്ഥാപിച്ചിട്ടുള്ള ഭരണകൂടത്തിൽ ഫ്രാൻസിലെ നാനാതരത്തിലുള്ള സ്വതന്ത്രകക്ഷികൾക്കും സ്ഥാനവും കൊടുത്തിട്ടുള്ളതിനാൽ ഇന്നെത്തെ സ്ഥിതിക്കു് ജനറൽ ഡിഗാളിന്റെ ഭരണസ്ഥാപനത്തേക്കാൾ പ്രബലമായ മറെറാരു ഫ്രഞ്ച്ഭരണം ഉണ്ടെന്നു് തോന്നുന്നില്ല.

# ഇന്ത്യയിൽ ഭക്ഷണസംഭരണം

[ഭക്ഷണകാര്യപ്രശ്നം അനവധി ആളുകളെ ഇന്ത്യയിൽ വിഷമിപ്പിക്കുന്നു. അനവധി ആളുകൾക്കു അതിനെ സംബന്ധിച്ച് ശകാരവും കേൾക്കുന്നു. ഇന്ത്യയിലെ ഭക്ഷണകാര്യത്തിൻ്റെ യഥാർത്ഥസ്ഥിതി ഏതു നിലയിലാണിരിക്കുന്നതെന്ന് ഇതോടുകൂടി ആരംഭിച്ചു തുടർന്നുവരുന്ന ലേഖനങ്ങളിൽ ലേഖകൻ പ്രതിപാദിക്കുന്നു—യു.സ.പ.]

ഭൂമിയിൽനിന്നുണ്ടാകുന്ന വിളവിൻ്റെ തോതിനേക്കാൾ എത്രയോ അധികരിച്ച തോതിലാണ് ഇന്ത്യയിലെ ജനങ്ങളുടെ വർദ്ധന. അതിനാൽ 1935 ൽ ഇന്ത്യയിൽ ആകെ ഉണ്ടായ ഭക്ഷണവിളവുകൊണ്ടു ജനസംഖ്യയുടെ ഏഴിൽ ആറാൾക്കുമാത്രമെ ശാപ്പാടിനുണ്ടായുള്ളു. കൃഷി ചെയ്വാൻ സാദ്ധ്യമായതും, കൃഷിചെയ്യാതെ കിടക്കുന്നതുമായ ഭൂമി നന്നാക്കിതീർക്കുകയാണെങ്കിൽ ഇന്ന് കൃഷിക്കുള്ളതിൻ്റെ മൂന്നിലൊന്നുകൂടി വർദ്ധിച്ചേക്കാം. കൃഷിക്കുള്ള ഭൂമി ഈവിധം വർദ്ധിപ്പിച്ച് സംസ്ഥാനങ്ങൾ തമ്മിൽ അന്യോന്യം ആൾമാററം ചെയ്വാനുള്ള ഒരു നിശ്ചയം നടപ്പാക്കിയാൽ പുതുതായി കൃഷിക്കുപയുക്തമായിത്തീരുന്ന ഭൂമിയിൽ ജോലിക്കുള്ളാളുകളെയും വേണ്ടത്ര കിട്ടിയെന്നു വന്നേക്കാം. എന്നാൽ ഇന്ത്യക്കാരുടെ ഭക്ഷണത്തിന്ന് ആരോഗ്യപ്രദങ്ങളായ സാധനങ്ങളുടെ ചേർച്ചയില്ലായ്മ സുപ്രസിദ്ധമായതിനാൽ പുതുതായി കൃഷിക്കു വന്നുചേരുന്ന ഭൂമിയിലും അരിയോ, ഗോതമ്പമോ ഉണ്ടാക്കുകയെന്നേ കൃഷിക്കന്മാർക്കു തോന്നുകയുള്ളു. അതു പോരാ; പുതിയ വിളകൾ, വിശിഷ്യ കിഴങ്ങുകൃഷി, പരീക്ഷിക്കണം; പാല്, തൈര്, വെണ്ണ മുതലായവയുടെ വ്യാപാരം വർദ്ധിപ്പിക്കണം; മത്സ്യങ്ങളെ അധികമായി പോററണം. ഇങ്ങിനെയായാലെ ജനങ്ങളുടെ ഭക്ഷണത്തിലുള്ള ഗുരുതപദാർത്ഥങ്ങൾക്ക് ന്യായമായ ഒരു ചേർച്ചയുണ്ടാകയുള്ളു. ബർമ്മ, തായ്‌ലാണ്ടു്, ഇണ്ടോചൈന എന്നീ രാജ്യങ്ങളിൽനിന്ന് സാധാരണയായി വന്നിരുന്ന അരി ഇപ്പോൾ ഇറക്കുമതി ഇല്ലാതെയായതിനാൽ ബങ്കാളിലും മററു പലേ സ്ഥലങ്ങളിലും കലശലായ ക്ഷാമവും തന്മൂലം ആളുകൾക്കു മരണവും വന്നിരിക്കുന്നു. ഈ ദുരിതത്തിൻ്റെ നിവാരണത്തിന്ന് സംസ്ഥാനങ്ങളിൽ കൃഷിസംബന്ധമായ പ്ലാനിങ്ങും ഇന്ത്യ ഒട്ടാകെ ഭക്ഷണകാര്യപ്രശ്നത്തിൽ ഒരു ഏകീകരിച്ച നയവും അത്യാവശ്യമായിട്ടുണ്ടു്. ഭക്ഷണത്തിൻ്റെ രീതിയിൽ കലശലായിട്ടുള്ള മാററങ്ങളും വരുത്താതെ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു. പോഷണരഹിതമായ ഭക്ഷണത്തിൽനിന്നുണ്ടാകുന്ന കേടുകളെ തീർക്കുവാൻ വിളകളെക്കൂടി പ്ലാൻചെയ്ത് നിർണ്ണയിക്കേണമെന്നും ഭക്ഷണവിള അധികരിപ്പിക്കേണമെന്നും, നാട്ടിൽ ഒട്ടാകെ കുറേക്കൂടി ഗുരുതമായ ഭക്ഷണരീതി ഏർപ്പെടുത്തേണമെന്നും നിർവ്യാജമായി തെളിയിക്കുന്നുണ്ടു്.

യുദ്ധാവസാനഘട്ടം അടുത്തെത്തുംതോറും ലോകത്തിലെ സർവ്വരാഷ്ട്ര നേതാക്കന്മാരും യുദ്ധാനന്തരകാലം അതാതു് രാഷ്ട്രത്തിലെ ജനതക്കു ക്ലേശരഹിതമായ ജീവിതം കൈവരേണമെന്നു കരുതി ഗാഢാലോചന ചെയ്തുതുടങ്ങിയിരിക്കുന്നു. ഇന്ത്യയിലും ഈ ആലോചന നാനാഭാഗങ്ങളിൽനിന്നും പുറപ്പെടുവാൻ തുടങ്ങീട്ടുണ്ടു്. യുദ്ധാനന്തരകാലത്തു ലോകമൊട്ടാകെ സുഖപ്രാപ്തിയടയുമ്പോൾ ഇന്ത്യക്കുമാത്രം ഈ സുഖം അനുഭവിക്കേണ്ടെന്നില്ലല്ലോ. അതിനാൽ, ലോകത്തിലുള്ള മററു രാഷ്ട്രങ്ങളിലെന്നപോലെ ഇന്ത്യയിലെ സമുദായസാമ്പത്തികകാര്യങ്ങളും ചിട്ടപ്പെടുത്തണം. ചെലവുകളെല്ലാം ചുരുക്കി, ഉള്ളതുകൊണ്ടു എല്ലാവക്കും പങ്കിട്ടുകൊടുക്കുക. എന്നുള്ള ചിട്ടയല്ലാ ഇതു്. ഈ ചിട്ടയെ ആസ്പദിച്ചു സാമ്പത്തികകാര്യങ്ങളെല്ലാം ബുദ്ധിപൂർവ്വം വിനിമയംചെയ്തു, പത്തോ പതിനഞ്ചോ കൊല്ലത്തിനുള്ളിൽ ഇന്ത്യയിലെ സർവ്വ ജനങ്ങൾക്കും സുഭിക്ഷമായി ജീവിക്കാനുള്ള സമ്പൽസമൃദ്ധിയുണ്ടാക്കിതീർക്കുകയാണ് ഈ ചിട്ടയുടെ ആവശ്യവും, ഉദ്ദേശവും. സമ്പൽസമൃദ്ധിയാണല്ലൊ ഇന്നേക്കാലത്തു സുഖജീവിതത്തിൻ്റെ ആസ്പദം. ഈ സമ്പൽസമൃദ്ധിക്കുള്ള മാർഗ്ഗമെന്താണ് ?

ഇന്ത്യയിലെ നൂറിൽ 73 ആളുകളും അവരുടെ ജീവിതത്തിന്ന്, ഒരുവിധമല്ലെങ്കിൽ മറെറാരു വിധത്തിൽ, കൃഷിയെ ആശ്രയിച്ചാണിരിക്കുന്നതു്. ഇവക്ക് സുഭിക്ഷമായ ഭക്ഷണത്തിനുള്ള നിവൃത്തിമാർഗ്ഗവും അതിൻ്റെ വർദ്ധനവുമാണ്. ഇന്ത്യയുടെ സാമ്പത്തികകാര്യങ്ങളിൽ വരുത്തുന്ന ചിട്ടക്കടിസ്ഥാനമായിരിക്കേണ്ടതു്. മററു പ്രധാന കാര്യങ്ങൾ പലതുമുണ്ടെങ്കിലും മുമ്പെ വേണ്ടതു് ഇതാണെന്ന് സർവ്വ ജനങ്ങളും സമ്മതിക്കുന്നുണ്ടു്. പതിനേഴാം നൂററാണ്ടിൻ്റെ പ്രാരംഭത്തിൽ ഇന്ത്യയിൽ സുമാറ് പത്തുകോടി ജനങ്ങളാണ് ഉണ്ടായിരുന്നതു്. പതിനെട്ടാം നൂററാണ്ടിൻ്റെ മദ്ധ്യകാലമായപ്പോഴേക്കും ഈ ജനസംഖ്യ പതിമൂന്നു കോടിയായി. പത്തൊമ്പതാം നൂററാണ്ടിൻ്റെ മദ്ധ്യകാലമായപ്പോഴേക്കു ഇതു പതിനഞ്ചുകോടിയായി. അതിന്നുശേഷം നമ്മുടെ ജനസംഖ്യയുടെ വർദ്ധന കുറെക്കൂടി വേഗത്തിലായിരുന്നു. കൊല്ലം 1931 ൽ ഇതു മുപ്പത്തഞ്ചുകോടി മുപ്പതു ലക്ഷമായി വർദ്ധിച്ചു; 1941 ൽ മുപ്പത്തെട്ടു കോടി എമ്പതു് ലക്ഷമായി. അഭൂതപൂർവ്വമായ വിധം കൃഷിസ്ഥലങ്ങൾക്കുണ്ടായ വർദ്ധനയെ തുടർന്നുകൊണ്ടാണ് മേൽപറഞ്ഞ വിധം ജനസംഖ്യയുടെ വർദ്ധനയും ഉണ്ടായതു്. ഐക്യസംസ്ഥാനത്തിൽ ഇന്ന് ജനങ്ങൾ തിങ്ങിത്താമസിച്ചുവരുന്ന ചില ജില്ലകൾ അരംഗസീബിൻ്റെകാലത്തു കാട്ടാന, പുലി, കാണ്ടാമൃഗം മുതലായ മൃഗങ്ങൾ വിഹരിച്ചിരുന്ന പ്രദേശങ്ങളാണത്രെ. ഇതുപോലെത്തന്നെ പത്തൊമ്പതാം നൂററാണ്ടിൻ്റെ ആരംഭത്തിലുംകൂടി വടക്കൻ ബീഹാർ, കിഴക്കൻ ബങ്കാൾ മുതലായ പ്രദേശങ്ങൾ തനിച്ച കാടുകളായിരുന്നു. ഇന്ന് ഈ പ്രദേശങ്ങളെല്ലാം ജനങ്ങൾ എത്രയോ അധികരിച്ചു പാർത്തുവരുന്ന സ്ഥലങ്ങളാണ്. ജനസംഖ്യയുടെ വർദ്ധനകൊണ്ടു ഗംഗാനദീതീരത്തിലുള്ള പലെ ജില്ലകളിലും കൃഷി ചെയ്യാവുന്ന സ്ഥലങ്ങളിൽ 80 ശതമാനം കണ്ടു ജനങ്ങൾ ഉപയോഗപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. പ്രസ്തുത ജില്ലകളിൽ നാലു ശതാബ്ദങ്ങൾക്കുള്ളിൽ ജനസംഖ്യ മൂന്നര കോടിയായിരുന്നതു് ഇപ്പോൾ പതിമൂന്നര കോടിയായിട്ടുണ്ടു്.

ഇന്ത്യയിൽ ഒട്ടാകെ നൂറുകോടി അയമ്പതു ലക്ഷം ഏക്ര കൃഷി ചെയ്യാവുന്ന സ്ഥലമുണ്ടു്. എന്നാൽ ഇതിൽ 28 കോടി 10 ലക്ഷം ഏക്ര സ്ഥലത്തുമാത്രമെ 1937–38 ൽ കൃഷി നടന്നിട്ടുള്ളു. പതിനൊന്ന് കോടി ഏക്ര സ്ഥലം ഇന്ന് കൃഷിക്കുപയോഗിക്കാവുന്നതാണെങ്കിലും കൃഷി ചെയ്യാതെയാണ് കിടക്കുന്നതു്. ഈ വിധം വെറുതെ കിടക്കുന്നതിൽ എത്ര സ്ഥലത്തു ഏതുവിധത്തിൽ വിളയിറക്കാവുന്നതാണെന്ന് ഗൌരവമായ അന്വേഷണം നടത്തേണ്ടതാണ്. അധികരിച്ച ജനസംഖ്യയുള്ള ഒരു രാജ്യത്ത് ഇത്ര വളരെ സ്ഥലം ഉപയോഗശൂന്യമാക്കിയിട്ടുന്നതു് ഒട്ടും ശ്രേയസ്കരമല്ല.

### കാടും കൃഷി ചെയ്യാവുന്ന സ്ഥലങ്ങളും ഉപയോഗിക്കേണ്ടതു്

ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ കാടുകളായി കിടക്കുന്ന പ്രദേശങ്ങളൊന്നും വെട്ടിത്തെളിയിച്ച് കൃഷിക്കുപയുക്തമാക്കാൻ നിവൃത്തിയില്ല. കൃഷിയുടെയും ജലസേചനത്തിൻ്റെയും നമ്മയെ മുൻനിർത്തി നോക്കുന്നതായാൽ ഒട്ടാകെയുള്ള ഭൂമിയുടെ ഇരിപതു് ശതമാനം കണ്ടു് കാടുകളായിരിക്കേണമെന്നാണ് കൃഷിവിദഗ്ദ്ധന്മാരുടെ അഭിപ്രായം. ആസാം, മദ്ധ്യസംസ്ഥാനം, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽ മാത്രമേ ഇപ്പോൾ ഇരിപതു് ശതമാനത്തിലധികം കാട്ടുപ്രദേശമുള്ളു. മററു സംസ്ഥാനങ്ങളിൽ കാടുകളുടെ ദൌർല്ലഭ്യംകൊണ്ടു് അവിടങ്ങളിലെ മഴയുടെ ശക്തിക്കും മഴകൊണ്ടുള്ള അനുഭവത്തിന്നും വളരെ മോശമുണ്ടു്. മാത്രമല്ല, കൃഷിയെ നശിപ്പിക്കുമാറു് പുഴകളിൽ വെള്ളപ്പൊക്കവും ഉണ്ടായിതീരുന്നു.

ഇന്ത്യയിൽ കൃഷിക്കുപയോഗപ്രദമായതും എന്നാൽ കൃഷിചെയ്യാതെ തരിശായിക്കിടക്കുന്നതുമായ ഭൂമി 11 കോടി ഏക്രയാണെന്ന് പ്രസ്താവിച്ചുവെല്ലൊ. ഇത്തരത്തിലുള്ള ഭൂമി ആസാമിൽ ഒരു കോടി എമ്പത്തെട്ടു് ലക്ഷം ഏക്രയും, മദ്ധ്യസംസ്ഥാനത്തിലും പഞ്ചാബിലും ഓരോന്നിൽ ഒരു കോടി നാല്പതു ലക്ഷം ഏക്രയും, മദിരാശി സംസ്ഥാനത്തിൽ ഒരു കോടി ഏക്രയും, സിന്ധു സംസ്ഥാനത്തിൽ അയ്മ്പത്തെട്ടു ഏക്രയും നിലവിലുണ്ടു്. തരിശായി കിടപ്പുള്ള ഇത്ര സ്ഥലത്തിൻ്റെ മുക്കാൽ ഭാഗവും, അതായതു് ചുരുങ്ങിയതു് എട്ടു കോടി ഏക്ര സ്ഥലം ഭക്ഷണധാന്യങ്ങളുടെ കൃഷിക്കു ഉപയോഗിക്കുമാറു് കിളച്ചുണ്ടാക്കാവുന്നതാണ്. ജനസംഖ്യയുടെ വർദ്ധനയാലോചിച്ചാൽ ഇങ്ങിനെ പുതുതായ കൃഷിസ്ഥലങ്ങൾ ഉണ്ടാക്കിയാലല്ലാതെ വേണ്ടത്ര ഭക്ഷണം കഴിപ്പാനുണ്ടാകുന്നതല്ലെന്ന് തീർച്ചതന്നെ.

# ഇന്ത്യയിലെ യുദ്ധകാലസാമ്പത്തികസ്ഥിതി

## കൊല്ലം 1939 വരെ

(ഒരു സമ്പാത്തിക നിരീക്ഷകൻ)

[ഇന്ത്യയിൽ യുദ്ധാനന്തരം വ്യവസായങ്ങളം വർദ്ധിപ്പിക്കണം ; ജീവിതരംഗം ഒട്ടാകെ, അലകും പിടിയും വ്യവസായീകരിക്കണം ; എന്നും മററും ലഹളകൂട്ടി, പ്ലാനിട്ടു് ജീവിക്കുന്ന അനവധി ആളുകളെ നാം ഇന്നു കാണുന്നു. എന്നാൽ ഇവരുടെ ലഹളക്കൊ, പ്ലാനിനൊ വല്ല അടിസ്ഥാനവുമുണ്ടോ എന്നു് പരീക്ഷിക്കേണ്ട ഒരു ഘട്ടത്തിലാണു് നാം എത്തിയിരിക്കുന്നതു്. ഇതുമുതൽ തുടൎന്നുവരുന്ന ലേഖനങ്ങളിൽ ഈ വിഷയത്തെപ്പററി ലേഖകൻ കൂലങ്കഷമായി ആലോചന ചെയ്യുന്നുണ്ടു്—യു.സ.പ.]

പാശ്ചാത്യരാജ്യങ്ങളിൽ അനുഭവപ്പെട്ടതായ ഇൻഡസ്ട്രിയൽ റവല്യൂഷൻ, അല്ലെങ്കിൽ വ്യവസായപരമായ വിപ്ലവം, ഇന്ത്യ ഇതേവരെയും അനുഭവിക്കുകയുണ്ടായിട്ടില്ല. വിപ്ലവപ്രദമായ ഒരു വ്യവസായാഭിവൃദ്ധി ഇനിയും ഇന്ത്യയിൽ ഉണ്ടായിട്ടില്ലെന്നുള്ളതുതന്നെയാണ് ഇതിന്നു കാരണം. വ്യവസായാഭിവൃദ്ധിക്ക് ശക്തി കൂട്ടുമ്പോഴാണ് വിപ്ലവം ഉണ്ടായിത്തീരുന്നത്. ഇന്ത്യയിൽ വ്യാവസായികമായ ഒരു പ്രോത്സാഹനം പ്രധാനമായി ഉണ്ടായിട്ടുള്ളതു് ഒന്നു് 1923ന്നു് ശേഷം ഇന്ത്യാ ഗവർമ്മേണ്ടു് ആചരിച്ചുവന്ന ഡിസ്ക്രിമിനേററിങ്ങ് പ്രൊടക്ഷൻ എന്ന വ്യവസായനയവും, ഇരുപതാം നൂററാണ്ടിന്റെ ആദ്യമായി ഉണ്ടായ സ്വദേശി പ്രസ്ഥാനവും, ക്രിമിയൻ യുദ്ധവും, 1914-18ലെ യുദ്ധവും 1939 മുതൽ ആരംഭിച്ച യുദ്ധവും മാത്രമാണ്. ഇത്രയൊക്കെയായിട്ടും ഇതേവരെ ഇന്ത്യയിലെ ലോഹങ്ങൾ, വിദ്യുച്ഛക്തി മുതലായ സാമ്പത്തികനിവൃത്തിമാർഗ്ഗങ്ങളെ ഇററിയും ആരും വിപുലമായ ഒരു പ്ലാനനുസരിച്ച് അഭിവൃദ്ധിയിൽ വരുത്തുവാൻ ശ്രമിച്ചിട്ടില്ല. ഇതിനെല്ലാം പുറമെ ഇന്ത്യയിലെ വ്യവസായ വർദ്ധനക്ക് വലുതായ ഒരു പ്രതിബന്ധമായിട്ടുള്ളതു് ജനങ്ങൾ ഏതു കാൎയ്യത്തിന്നും ഗവർമ്മേണ്ടിനെ ആശ്രയിച്ചു നില്ക്കുന്ന നയമാണ്. വ്യവസായകാൎയ്യത്തിൽ അല്പം ചില അഭിവൃദ്ധി വന്നില്ലെന്നല്ല പറയുന്നതു്. കൊല്ലം 1914ൽ ഇന്ത്യയിൽ 2,936 വ്യവസായശാലകൾ മാത്രം ഉണ്ടായിരുന്നതു് 1939ലേക്കു് 11,630 ആവുകയും അതേ കാലത്തിന്നുള്ളിൽ പ്രസ്തുത വ്യവസായശാലകളിൽ 9½ ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്നതു് 17½ ലക്ഷം ആവുകയും ചെയ്തു. കാൎഷികജീവിതരീതി മാറി വളരെ മെല്ലെ വ്യാവസായികമായ ജീവിതത്തിലേക്കു് ഒരു മാററവും കാണുന്നുണ്ടു്. ഇപ്പോൾ നമ്മുടെ കാൎഷികോല്പന്നങ്ങൾ അസംസ്കൃതരൂപത്തിൽ മുമ്പു് കയററിപ്പോയിരുന്നപോലെ പോകുന്നില്ല. ഇവയെ മിക്കതും നമ്മുടെ രാജ്യത്തുതന്നെ സംസ്കൃതസാമാനങ്ങളാക്കിത്തീൎക്കുന്നു. പത്തു കൊല്ലം മുമ്പുകൂടി ഇത്രയുണ്ടായിരുന്നില്ലെന്നു പറയാം. ഇന്ത്യാ രാഷ്ട്രത്തിന്റെ കൊല്ലോട്ടുകൊല്ല കണക്കു പരിശോധിച്ചാൽ, ഉന്ത്യയുടെ വരവും വർദ്ധിച്ചിരിക്കുന്നുവെന്നു് കാണാം. ഇന്ത്യയിൽ വലിയ കിടയിലുള്ള വ്യവസായങ്ങൾ പലതും ആയിക്കഴിഞ്ഞു. ഇരുമ്പു്, ഉരുക്കു്, പരുത്തി, ജൂട്ടു്, പഞ്ചസാര, കടലാസ്സു്, സിമൻറു്, കൽക്കരി മുതലായവയാണു് ഇതിൽ ഏററവും പ്രധാനം. ഈ സ്ഥിതി നോക്കിയാൽ ഇന്ത്യയിൽ വ്യവസായാഭിവൃദ്ധി വളരെ ഉണ്ടായിട്ടുണ്ടെന്നു് പ്രഥമദൃഷ്ടത്തിൽ തോന്നിയേക്കാം. പക്ഷെ, ആൾതോതിൽ ഇന്ത്യയിലെ വ്യവസായ ഉല്പന്നം ഇന്നും വളരെ താണ നിലയിലാണു്. മാത്രമല്ല, വ്യവസായപരമായ മാററങ്ങൾക്കു് പലേ സന്ദൎഭങ്ങളിലും നാം വിമുഖത കാട്ടി പ്രസ്തുത സന്ദൎഭങ്ങളെ ഉപയോഗിക്കാതേയുമുണ്ടായിട്ടുണ്ടു്. കൊല്ലം 1939 സപ്തേമ്പർ മാസത്തിൽ യുദ്ധം തുടങ്ങിയപ്പോളാണു് ഇന്ത്യയുടെ വ്യാവസായികരംഗം വളരെ മോശസ്ഥിതിയിലാണെന്നു് പ്രത്യക്ഷപ്പെട്ടതു്.

യുദ്ധത്തിന്നുമുമ്പു് ഇന്ത്യയിലുണ്ടായിരുന്ന വ്യവസായസ്ഥിതിയുടെ സ്വഭാവം വേണ്ടപോലെ അറിഞ്ഞാൽ മാത്രമേ ഭാവിയിൽ ആചരിക്കേണ്ട നയമെന്താണെന്നു് സൂക്ഷ്മമാകാൻ വഴിയുള്ളൂ. ഇന്തയിലെ വ്യാവസായിക വമ്പന്മാരെല്ലാം വ്യവസായപോഷണത്തിന്നു് മാമൂൽ അനുസരിച്ചുള്ള മാൎഗ്ഗങ്ങൾ മാത്രമെ സ്വീകരിച്ചുള്ളൂ. ഇന്ത്യയിൽ രൂപീകരിച്ച വ്യവസായിക മൂലധനത്തിന്റെ വിനിമയം പരിശോധിക്കുന്ന പക്ഷം വ്യാവസായിക ഉല്പന്നപദ്ധതികളിലേക്കാൾ അധികരിച്ചു കച്ചവടപദ്ധതിയിലേക്കാണു് പണം തിരിച്ചിട്ടുള്ളതു്. ലാഭത്തിന്നുള്ള കാംക്ഷകൊണ്ടു് കച്ചവടവിഷയത്തിൽ അധികരിച്ച പണം കൊണ്ടുപോയി ഇറക്കിയതിനാൽ അത്രത്തോളം അതു് ഇന്ത്യയിലെ വ്യവസായജീവിതത്തിന്നു് ദോഷമായി ഭവിച്ചു. പണമിടപാടു്, ഇറക്കുമതി ഏററുമതി, ഏജൻസി പ്രവൃത്തി മുതലായവകൊണ്ടു് കാശിന്നുള്ള കാംക്ഷക്കു് സംതൃപ്തിയാവുംതോറും വ്യവസായവിദഗ്ദ്ധന്മാർ ഇന്ത്യയുടെ വ്യവസായപോഷണം ഉപേക്ഷ ചെയ്യുവന്നു. അടുത്ത കാലങ്ങളിലായി ഈ സ്ഥിതിക്കു് അല്പം ചില വ്യത്യാസങ്ങൾ വന്നില്ലെന്നില്ല. ഇന്ത്യയിലെ ആദ്യത്തെ വ്യാവസായിക വിദഗ്ദ്ധൻ ജെ. എൻ. ടാട്ടയായിരുന്നു. അദ്ദേഹം ലാഭത്തിന്നു കാംക്ഷവെച്ചിരുന്നുവെങ്കിലും രാജ്യത്തിന്റെ വ്യാവസായികകാൎയ്യത്തിലും വേണ്ടപോലെ മനസ്സുവെച്ചിരുന്നു. ഇത്തരത്തിൽ ഒരു മാതൃക ഇന്ത്യക്കാൎക്കുണ്ടായിയെങ്കിലും ഇന്നും സാധാരണക്കാരായ വ്യവസായികൾ ഇന്ത്യയുടെ ഒട്ടാകെയുള്ള കാൎയ്യത്തിൽ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല. പോരെങ്കിൽ, ഇന്ത്യയിൽ ആദ്യത്തെ പ്രധാന വ്യവസായികൾ മിക്കതും വിദേശീയരായിരുന്നതിനാൽ അവർ ഇന്ത്യയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾ അവരുടെ രാജ്യത്തുള്ള വ്യവസായങ്ങളോടു് മത്സരിക്കുന്നവയാകാതിരിപ്പാൻ വളരെ നിഷ്കൎഷിച്ചിരുന്നു. അതിനാൽ അവരുടേയും പ്രധാനോദ്ദേശം ലാഭം ഉണ്ടാക്കുകയായിരുന്നു. ഈ വിധത്തിൽ അനവധി ഉപകാരപ്രദവും ക്ഷേമകരവുമായ വ്യവസായങ്ങളെ ഇന്ത്യയിൽ തുടങ്ങുകതന്നെ ഉണ്ടായിട്ടില്ല; തുടങ്ങിയാൽതന്നെ അവയെ പുഷ്ടിപ്പെടുത്തുവാനുള്ള ശ്രമങ്ങളും ഉണ്ടായിട്ടില്ല. ഇന്ത്യൻ വ്യവസായപദ്ധതിയിൽ ഉള്ള ഈ ന്യൂനതയെ പരിഹരിപ്പാൻ ഇന്ത്യയിലെ വ്യവസായികൾക്കു് സാദ്ധ്യമായില്ല. കാരണം ധൈൎയ്യത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ഒരു കാൎയ്യത്തിൽ പണംകൊണ്ടുചെന്നിറക്കാനുള്ള മനഃസ്ഥിതി ഇനിയും അവൎക്കായിട്ടില്ല. എത്രയൊ പണിപ്പെട്ടു, എത്രയോ കാലം ആലോചിച്ചു ഏതെങ്കിലും ഒരാൾ ഒരു വ്യവസായം തുടങ്ങി ആയതു തരക്കേടില്ലെന്നു് തോന്നുവാൻ തുടങ്ങുമ്പോഴേക്കും, അനവധി വ്യവസായികൾ ഇതേതരത്തിലുള്ള വ്യവസായത്തിൽ പണം ഇറക്കുന്നുവെന്നുള്ള സംഗതി ഇന്ത്യയിൽ വളരെ ശോചനീയമായ ഒരവസ്ഥയാണു്. പരുത്തിവ്യവസായത്തിന്നും, ചണവ്യവസായത്തിന്നും പററിയ അബദ്ധം ഇതുതന്നെയാണു്. ഇതുപോലെതന്നെയാണു് സിമൻറു് വ്യവസായവും കടലാസ്സു് വ്യവസായവും. അടുത്ത കാലത്തു ഇത്തരത്തിലുള്ള തിരക്കിൽപെട്ടുകേട്ടുവന്ന മറെറാരു വ്യവസായമാണു് പഞ്ചസാര. അഭിവൃദ്ധിപ്പെട്ടേക്കാമെന്നു് തോന്നുന്ന ഒരു വ്യവസായത്തിൽചെന്നു് ഇത്തരത്തിൽ തിരക്കുന്നതിന്റെ ദോഷം ഇനിയും ഇന്ത്യൻ വ്യവസായികൾക്കു് മനസ്സിലാകാത്തതു കഷ്ടംതന്നെ.

# ബൃഹൽഭാരതം

## ജാവ

(മേജർ സർദാർ കെ. യം. പണിക്കർ)

[ശാന്തസമുദ്രരംഗത്തിൽ ജപ്പാൻ ഇന്ത്യക്കു വരുത്തിക്കൂട്ടീട്ടുള്ള ആപത്തുകളേയും, സംസ്കാരനാശത്തേയും ഗൌരവമായി അറിയേണമെങ്കിൽ മേജർ സർദാർ കെ. എം. പണിക്കർ എഴുതിയ ഈ ലേഖനം മാത്രം വായിച്ചാൽ മതി. ഡച്ച് ഈസ്റ്റ് ഇൻഡീസിൽപെട്ട ദ്വീപുകളായ ജാവ മുതലായവ ഒരു കാലത്തു് ഭാരതീയസംസ്കാരം ആചരിച്ചുവന്നവയാണെന്നാണ് ഈ ലേഖനം സമർത്ഥിക്കുന്നതു്—യു.സ.പ.]

ദ്വീപാന്തരങ്ങളിൽവെച്ച്, ഭാരതസംസ്കാരത്തിനു് ഏററവും വിപുലമായ വളർച്ചയുണ്ടായതു ജാവാ ദ്വീപിലാണെന്നു നിസ്സംശയം പറയാം. ശ്രീവിജയത്തിൽ ബൌദ്ധമതത്തിനുണ്ടായിരുന്നതുപോലെ, വളരെ നാൾ നീണ്ടുനിന്നിരുന്ന ഒരു പ്രാബല്യമാണ് ഹിന്ദുമതത്തിനു ജാവയിൽ ഉണ്ടായിരുന്നതു്. സംസ്കൃതസാഹിത്യത്തിനും വാസ്തുശില്പത്തിനും, ലളിതകലകൾക്കും ആ നാട്ടിലുണ്ടായ അഭിവൃദ്ധി വിചാരിക്കുമ്പോൾ ജാവാ ദ്വീപിനെ ഭാരതവർഷത്തിന്റെ സീമന്തപുത്രി എന്നു വിവരിക്കുന്നതിൽ അതിശയോക്തിയില്ല.

യവദ്വീപം എന്ന പേരിലാണ് രാമായണത്തിൽ ഈ ഭൂഖണ്ഡം വിവരിക്കപ്പെട്ടിരിക്കുന്നതു്. ഇന്നും ആ പേരുതന്നെയാണ് ഈ ദ്വീപിനുള്ളതു് (ജാവ എന്നതു് ഉച്ചാരണഭേദം മാത്രമാകുന്നു). യാവകം എന്നും ചാവകമെന്നും രൂപഭേദങ്ങൾ തമിഴ മുതലായ ഭാഷകളിൽ കാണുന്നുണ്ട്.

ആദ്യകാലം മുതൽതന്നേ ജാവയുമായി ഭാരതീയൎക്കു പരിചയമുണ്ടായിരുന്നുവെങ്കിലും ഏതു കാലത്താണു ഹിന്ദുക്കൾ അവിടെ കുടിയേറിപ്പാർത്തു രാജ്യങ്ങൾ സ്ഥാപിച്ചതെന്നു നിർണ്ണയിക്കാൻ വേണ്ട ലക്ഷ്യങ്ങൾ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. ജാവയിൽ പ്രചരിക്കുന്ന ഐതിഹ്യങ്ങളുടെ ചുരുക്കം ഏതാണ്ടു താഴെക്കാണുംപ്രകാരമാണ്. മഹാഭാരതയുദ്ധകാലത്ത് ആജിശാഗൻ എന്നൊരു നായകനോടൊന്നിച്ചു കപ്പൽമാർഗ്ഗമായി ഒരു സംഘം ആളുകൾ വന്നിറങ്ങി എന്നും അവരാണ് ജാവയിലെ ഹിന്ദുക്കളുടെ പൂർവ്വികരെന്നുമാണ് ഒരു കഥ നടപ്പിലുള്ളതു്. കലിംഗദേശത്തുനിന്നു രണ്ടായിരം കുടുംബക്കാർ വന്നു കുടിയേറിയെന്നും ഒരൈതിഹ്യമുണ്ട്. ഏതായാലും പരാശരനും വ്യാസനും പാണ്ഡവരുമെല്ലാം, ജാവയിലെ പുരാതനചരിത്രത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്നതായിട്ടാണ് അവിടുള്ളവർ ഇന്നും വിശ്വസിച്ചുവരുന്നതു്.

ഒരു കാര്യം തീർച്ചതന്നെ. ഗുജരാത്തിൽനിന്നും കലിംഗദേശത്തുനിന്നുമാണ് ഭാരതീയർ ജാവയിലേക്കു വ്യാപിച്ചതു്. ഏതു കാലത്താണ് ആദ്യത്തെ കുടിപാർപ്പുണ്ടായതെന്നു തീർച്ചപറവാൻ സാധിക്കയില്ലെങ്കിലും അതു ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തോടുകൂടിയായിരുന്നു എന്നു വിശ്വസിക്കുവാൻ ലക്ഷ്യങ്ങളുണ്ടു്. ചീനക്കാരുടെ ചരിത്രത്തിലുള്ള ചില സൂചനകൾ പ്രമാണമാക്കി ജാവയിലേക്കുള്ള ഭാരതീയരുടെ വ്യാപനം ക്രിസ്ത്വബ്ദം 56-ൽ ആണെന്നത്രേ ചരിത്രകാരന്മാർ ഇപ്പോൾ വിശ്വസിച്ചുവരുന്നതു്.

പ്ടോൾമി യവദ്വീപത്തെപ്പററി പറഞ്ഞിട്ടുള്ളതിൽ ക്രിസ്ത്വബ്ദം രണ്ടാംശതകത്തിൽ ഇൻഡ്യയും ജാവയുമായി ഗതാഗതം ധാരാളമായി ഉണ്ടായിരുന്നു എന്നും തീർച്ചയാക്കാം. കൂടാതെ, ക്രിസ്ത്വബ്ദം 132-ൽ യവദ്വീപത്തിൽ ദേവവർമ്മനെന്നു പേരായ ഒരു രാജാവു നാടുവാണിരുന്നതായും, അദ്ദേഹം ചീനചക്രവർത്തിയുടെ സന്നിധാനത്തിലേക്കു ചില സ്ഥാനാപതികളെ അയച്ചതായും ചീനചരിത്രങ്ങളിൽ കാണുന്നുണ്ട്. ഹിന്ദുരാജാക്കന്മാർ ജാവയിൽ പല സ്ഥലങ്ങളിൽ ഭരിച്ചുവന്നിരുന്നു എന്നുള്ളതിനു വേറെയും തെളിവുകൾ ഉണ്ടെങ്കിലും അവയിൽനിന്നൊന്നും ശരിയായ ഒരു ചരിത്രമെഴുതുന്നതിനു വേണ്ട ലക്ഷ്യങ്ങൾ ഇല്ലെന്നുതന്നെ പറയണം.

ജാവയിലെ ഹൈന്ദവസംസ്കാരത്തെപ്പററി നമുക്കു ആദ്യമായി ശരിയായ ചില അറിവുകൾ ലഭിക്കുന്നതു ഫാഹിയാൻ എന്ന സുപ്രസിദ്ധ പണ്ഡിതന്റെ ഗ്രന്ഥത്തിൽനിന്നാണ്. വിഖ്യാതനായ ഈ ബൌദ്ധശ്രാമണൻ ഭാരതവർഷത്തിൽ പല വർഷങ്ങൾ താമസിച്ചശേഷം, തിരികെ കപ്പൽമാർഗ്ഗമായി സ്വദേശത്തേക്കു മടങ്ങുമ്പോൾ, അഞ്ചുമാസ കാലത്തോളം ജാവയിൽ താമസിക്കേണ്ടതായി വന്നു. അതു ക്രിസ്ത്വബ്ദം 414-ൽ ആയിരുന്നു. ഹിന്ദുമതസിദ്ധാന്തങ്ങളാണ് ആ ദ്വീപിൽ പ്രചരിച്ചിരുന്നതെന്നും ബൌദ്ധമതത്തിനു പറയത്തക്ക പ്രചാരമില്ലായിരുന്നു എന്നും അദ്ദേഹം എടുത്തു പറയുന്നുണ്ട്. ഗുണവർമ്മൻ എന്ന സൗഗതമഹർഷി അക്കാലത്തിൽ ജാവയിൽ ബുദ്ധമതം പ്രചരിപ്പിക്കുന്നതിനു ശ്രമിച്ചുവന്നിരുന്നു. മററു ഗ്രന്ഥങ്ങളിൽനിന്നു നമുക്കറിയാവുന്ന സ്ഥിതിക്കു ഫാഹിയാന്റെ കുറിപ്പു ഹിന്ദുമതത്തിന് ആ നാട്ടിലുണ്ടായിരുന്ന പ്രാബല്യം തെളിയിക്കുന്നതായി കണക്കാക്കാം.

ഹിന്ദുരാജ്യങ്ങളെപ്പററി കിട്ടിയിട്ടുള്ള ശിലാലിഖിതങ്ങളിൽ ആദ്യത്തേതു ക്രിസ്ത്വബ്ദം 6-ാം ശതകത്തിലുള്ളതാണ്. പൂർണ്ണവർമ്മൻ എന്നു പേരായ ഒരു രാജാവിന്റെ ചെയ്തികളെ വർണ്ണിക്കുന്ന നാലുരേഖകളാണ് നമുക്കു കണ്ടുകിട്ടിയിട്ടുള്ളതു്. അതിലൊന്നിൽ പൂർണ്ണവർമ്മൻ ഗോമതിയെന്നു നാമമായ ഒരു തോടു വെട്ടിയെന്നും, അതു പൂർത്തിയായപ്പോൾ ബ്രാഹ്മണർക്കു ആയിരം പശുക്കളെ ദാനംചെയ്തു എന്നുമാണ് പറഞ്ഞിരിക്കുന്നതു്.

പൂർണ്ണവർമ്മന്റെ രാജ്യംകൂടാതെ മററു പല ഹൈന്ദവരാജ്യങ്ങളും ജാവയിൽ അക്കാലത്ത് ഉണ്ടായിരുന്നു. എന്നാൽ എട്ടാം ശതകത്തിന്റെ ആദ്യംവരെ പ്രബലമായ ഒരു സംസ്ഥാനം ജാവയിൽ കാണുന്നില്ല. സന്നാഹൻ എന്നു പേരായ ഒരു രാജാവു ക്രിസ്ത്വബ്ദം 700-ാമാണ്ടോടുകൂടി മററു രാജാക്കന്മാരേയും പ്രഭുക്കന്മാരേയും കീഴടക്കി ഒരു മഹാരാജ്യം സ്ഥാപിച്ചതായി ശിലാലേഖനങ്ങളിൽനിന്നു തെളിയുന്നു. ചങ്ങൾ എന്ന സ്ഥലത്തുള്ള ശിവക്ഷേത്രത്തിൽ സന്നാഹന്റെ അനന്തരഗാമിയായ സഞ്ജയൻ കൊത്തിയിട്ടുള്ള ശിലാലേഖനത്തിൽനിന്ന് ആ രാജവംശത്തെപ്പററി ചിലതെല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ദക്ഷിണഭാരതത്തിൽ കുഞ്ജരകുഞ്ജം എന്ന സ്ഥലത്തുനിന്നാണ് സന്നാഹൻ ജാവയിലെത്തിയതെന്നു വിശ്വസിച്ചുവരുന്നു. സഞ്ജയൻ പല രാജ്യങ്ങളെ കീഴടക്കി ഭരിച്ചിരുന്നു എന്നു ചരിതപരഹ്യാംഗൻ എന്ന ജാവാഗ്രന്ഥത്തിലും കാണുന്നുണ്ട്. അങ്ങിനെ തുടങ്ങിയ സന്നാഹവംശപരമ്പരയ്ക്കു ആദ്യം വലുതായ അഭിവൃദ്ധി ഉണ്ടായില്ല. ശൈലേന്ദ്രന്മാരുടെ സാർവ്വഭൌമത്വമായിരുന്നു അതിനു കാരണം. ഏതായാലും സന്നാഹനിൽനിന്ന് എട്ടാംതലമുറയിൽ ഒരു രാജാവു പിന്നെയും ചരിത്രത്തിൽ പ്രത്യക്ഷനാകുന്നു. "മതരാം" എന്ന രാജ്യത്തിന്റെ അധിപതിയെന്ന നിലയ്ക്കാണ് അദ്ദേഹത്തെ നാം അറിയുന്നതു്. ഉത്തുംഗദേവ, ഈശ്വര കേശവോത്തുംഗ, ഈശ്വരകേശവസമരോത്തുംഗധർമ്മോദയ മഹാശംഭു എന്നെല്ലാം ബിരുദങ്ങൾ സ്വീകരിച്ച ഈ മഹാരാജാവു ക്രിസ്ത്വബ്ദം 915-ൽ മദ്ധ്യജാവയായ മതരാം രാജ്യം ഭരിച്ചിരുന്നു. ആ മഹാരാജാവിനെ പിന്തുടർന്നതു ദക്ഷോത്തമവജ്രബാഹു എന്നൊരാളായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായിരുന്നു ശ്രീസജ്ജനസമ്മതാനുരാഗതുംഗദേവൻ. ഈ വംശം 927 വരെ നിലനിന്നിരുന്നു. ശൈലേന്ദ്രന്മാരുടെ പ്രതാപംകൊണ്ട് ഇവർക്കു വലുതായ സാമ്രാജ്യം സ്ഥാപിക്കുന്നതിനു സാധിച്ചില്ല. ആ ചക്രവർത്തികളുടെ ശക്തി ഭയന്നു മതരാരാജാക്കന്മാർ ക്രമേണ ജാവയുടെ കിഴക്കേ ഭാഗത്തേക്കു അവരുടെ രാജധാനി മാററി.

പശ്ചിമമദ്ധ്യഭാഗങ്ങൾ ശൈലേന്ദ്രന്മാരുടെ കീഴിലായിരുന്നു എന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ബൌദ്ധമതാനുയായികളായ ആ സാർവ്വഭൌമന്മാരുടെ പ്രാബല്യംകൊണ്ട് ആ ഭാഗങ്ങളിൽ ഹിന്ദുമതത്തിന് ശക്തി ക്ഷയിച്ചാണ് വന്നതു്. വിശ്വവിഖ്യാതമായ ബോറോബുഡൂർ എന്ന ചൈത്യസമൂഹത്തിൽ കൊത്തിയിട്ടുള്ള ശില്പങ്ങൾ വർണ്ണിക്കുന്നതെല്ലാം മഹായാനവിനയികളായ ബൌദ്ധന്മാരുടെ ഗ്രന്ഥങ്ങളിൽ കാണുന്ന കഥകളാണ്. കിഴക്കേ ജാവയിലാകട്ടെ, ഹിന്ദുമതത്തിന്, മതരാം രാജാക്കന്മാരുടെ ശിവഭക്തിമൂലം യാതൊരു ഹാനിയും സംഭവിക്കാൻ ഇടയായില്ല. ഈശാനധർമ്മൻ എന്ന നാമം സ്വീകരിച്ച ഒരു രാജാവിന്റെ കാലത്താണ് ഈ വംശക്കാർ പിന്നേയും പ്രബലരായിത്തീർന്നതു്. ഈശാനധർമ്മൻ 929 ൽ ആണ് രാജ്യഭാരം കയ്യേററതു്. അദ്ദേഹത്തിന്റെ കാലത്തെ സംബന്ധിക്കുന്ന പല രേഖകളും കണ്ടുകിട്ടിയിട്ടുണ്ടെങ്കിലും അവ മിക്കവാറും മതസംബന്ധമായിട്ടുള്ളവയാകയാൽ രാജ്യചരിത്രസംബന്ധമായി ഒന്നുംതന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈശാനധർമ്മനുശേഷം രാജ്യം ഭരിച്ചതു അദ്ദേഹത്തിന്റെ മകളായ ശ്രീ ഈശാനതുംഗവിജയാദേവി എന്ന മഹാറാണിയായിരുന്നു.

ഈ സ്ത്രീരത്നം ലോകപാലൻ എന്നു പേരായ ഒരു രാജാവിനെ വിവാഹം കഴിക്കയും, അവരുടെ പുത്രനായ മകുടവംശവർദ്ധനൻ പിന്നീട്ട രാജാവാകുകയും ചെയ്തു. മകുടവംശന്റെ പുത്രിയായ മഹേന്ദ്രദത്തയ്ക്കു് ഉദയനനിൽ ഉണ്ടായ മകനാണു് ജാവയിലെ വിക്രമാദിത്യൻ എന്ന പേരിനെ അർഹിക്കുന്ന ഐർലംഗദേവൻ.

കല്ക്കുട്ടാ മ്യൂസിയത്തിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന ഒരു ശിലാലേഖനത്തിൽ കാണുന്ന ഐർലംഗപ്രശസ്തിയിലാണു് ഈ കുലപാരമ്പര്യം പറഞ്ഞിട്ടുള്ളതു്. ആ ശിലാലേഖനം പകുതി സംസ്കൃതത്തിലും പകുതി "കവി" എന്നു പറയുന്ന ജാവയിലെ മണിപ്രവാളഭാഷയിലും ആണു്.

മഹേന്ദ്രദത്തയുടെ ഭർത്താവും ഐർലംഗന്റെ അച്ഛനുമായ ഉദയനൻ ബാലിദ്വീപിലെ ഒരു സാമന്തനായിരുന്നു. ആ ദ്വീപിൽ കണ്ടുകിട്ടിയിട്ടുള്ള പല രേഖകളിൽ "ഗുണപ്രിയ ധർമ്മപത്നി" എന്ന ബിരുദം സ്വീകരിച്ചിരുന്ന മഹേന്ദ്രദത്തയും ഭർത്താവായ ഉദയനനും ഒന്നിച്ചു അവിടം ഭരിച്ചിരുന്നതായി പറയുന്നുണ്ടു്. കല്ക്കുട്ടാപ്രശസ്തിയിൽനിന്നു് തെളിയുന്ന വേറെ ഒരു സംഗതി വളരെ പ്രാധാന്യമുള്ള ഒന്നാണു്. 1006-ാമാണ്ടു് കിഴക്കൻ ജാവ ഒരു പ്രളയത്തിന്നധീനമായി. സർവ്വസമ്പൽസമൃദ്ധമായ തന്റെ രാജധാനിയോടൊന്നിച്ചു് പൂർവ്വജാവാധിപനായ ധർമ്മവംശരാജാവു നശിച്ചുപോയി എന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. ഈ 'പ്രളയ'ത്തിന്റെ സ്വഭാവമെന്തെന്നു തെളിയുന്നില്ലെങ്കിലും ഐർലംഗൻ നാട്ടുവിട്ടോടി വളരെക്കാലം ഒളിച്ചു താമസിക്കേണ്ടിവന്നതുകൊണ്ടു്, അതു ശൈലേന്ദ്രന്മാരുടെ ആക്രമണമായിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു. ഏതുകാരണംകൊണ്ടായാലും പൂർവ്വജാവാസംസ്ഥാനം തല്ക്കാലത്തേക്കു നശിച്ചു എന്നു പറയാം. ധർമ്മവംശന്റെ ജാമാതാവായ ഐർലംഗനും ഈ ആപത്തിൽപെട്ടു. അന്നു പതിനാറു വയസ്സു മാത്രമായിരുന്ന ആ രാജകുമാരൻ വിശ്വസ്തരായ ചില ഭൃത്യരോടൊന്നിച്ചു് 'കാടേ ഗതി നമുക്കെ'ന്നു തീർച്ചയാക്കി. വിരോധികൾ വളഞ്ഞിരുന്ന ആ യുവധീരൻ വനമദ്ധ്യത്തിലുള്ള ഒരു സന്ന്യാസാശ്രമത്തെ അഭയം പ്രാപിച്ചു, മരവുരി ഉടുത്തു്, കായ്കനികളും തിന്നു മൂന്നു വർഷത്തോളം അജ്ഞാതവാസമായി കഴിച്ചുകൂട്ടി. ധർമ്മവംശന്റെ പ്രജകളിൽ പ്രമാണികളിൽ ചിലർ ക്രമേണ ഈ സംഗതി അറിഞ്ഞു് അദ്ദേഹത്തെ കണ്ടുകൂടി രാജ്യഭാരം കയ്യേറ്റു് പൈതൃകമായ രാജ്യം വീണ്ടെടുക്കുന്നതിന്നു് ഐർലംഗനെ ഉത്സാഹിപ്പിച്ചു. ഇതു 1010ൽ ആയിരുന്നു എങ്കിലും ഐർലംഗന്റെ അഭിഷേകം ഒമ്പതു വർഷത്തിന്നുശേഷം മാത്രമാണു് നടന്നതു്. അഭിഷേകസമയത്തു് അദ്ദേഹം സ്വീകരിച്ച ബിരുദം "ശ്രീലോകേശ്വര ധർമ്മവംശ ഐർലംഗ വിജയോത്തുംഗദേവൻ" എന്നായിരുന്നു. ഈ ഒമ്പതു വർഷത്തിനിടയിൽ ഐർലംഗൻ പൂർവ്വജാവ മിക്കവാറും സ്വാധികാരത്തിൻ കീഴിലാക്കിക്കഴിഞ്ഞിരിക്കുന്നു.

ഇതിന്നുശേഷം ഐർലംഗൻ ക്രമേണ ജാവ ഒട്ടുമുക്കാലും കീഴിലാക്കി. ഇക്കാലത്തു ശ്രീ വിജയരാജാക്കന്മാർ ചോഴരോടു മല്ലിടുകയായിരുന്നതുകൊണ്ടു് ശൈലേന്ദ്രശക്തിക്കു് ജാവയിൽ വളർന്നുവന്ന ഐർലംഗനെ അമർത്തുവാൻ അവസരം ലഭിച്ചില്ല. തന്റെ ശക്തി ജാവയിൽ ഉറപ്പിച്ചു എങ്കിലും ശൈലേന്ദ്രരോടു സ്നേഹമായിട്ടാണു് ഐർലംഗൻ പെരുമാറിയതു്. ചോഴപാണ്ഡ്യകലിംഗരാജാക്കന്മാരുമായി പലതരത്തിൽ ഐർലംഗൻ ഏറ്റപ്പെട്ടിരുന്നു എന്നും അയാളുടെ രേഖകളിൽനിന്നു തെളിയുന്നുണ്ടു്.

ഐർലംഗൻ പ്രജാക്ഷേമതല്പരനായ ഒരു രാജാവായിരുന്നു. അദ്ദേഹം കെട്ടിയ അണകൾ ഇന്നും നിലനിൽക്കുന്നുണ്ടു്. വാണി പോഷിപ്പിക്കുന്നതിന്നായി പല തുറമുഖങ്ങളും നന്നാക്കിയതായും വിദേശികളായ കച്ചോടക്കാരെ പ്രോത്സാഹിപ്പിച്ചതായും കാണാം. കൃഷിയുടെ ഉപയോഗത്തിന്നായി തോടുകൾ നിർമ്മിക്കയും മററു പല മരാമത്തുകൾ നടത്തുകയും ചെയ്തതായി പറഞ്ഞിരിക്കുന്നതുകൊണ്ടു് ഐർലംഗൻ വെറും പ്രതാപശാലിയായ ഒരു രാജാവു മാത്രമായിരുന്നില്ല എന്നു തെളിയുന്നു.

ഐർലംഗനു സഹായമായി പ്രവർത്തിച്ചിരുന്നതു് "മഹാമന്ത്രി ശ്രീസംഗ്രാമവിജയധർമ്മപ്രസാദോത്തുംഗദേവി" എന്നൊരു വനിതാരത്നമായിരുന്നു. 'മഹാമന്ത്രി' എന്നു വിവരിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ഇവർ മഹാറാണിയല്ലായിരുന്നു എന്നു തീർച്ചതന്നെ. രാജകുടുംബത്തോടു ബന്ധപ്പെട്ട ഒരു സ്ത്രീ ആയിരുന്നു എന്നു് പേരുകൊണ്ടുതന്നെ മനസ്സിലാക്കാം. 1037-വരെ ഇവർ രാജ്യഭരണത്തിൽ പങ്കെടുത്തിരുന്നു.

1041 ൽ ഐർലംഗൻ രാജ്യഭോഗങ്ങൾ ഉപേക്ഷിച്ചു സന്ന്യാസം വരിച്ചു. ഗരുഡമുഖമുള്ള ഒരു മുദ്ര (ഇതായിരുന്നു ഐർലംഗന്റെ രാജകീയമുദ്ര) ഉപയോഗിച്ചിരുന്ന ഒരു ഭട്ടാരഗുരുവിന്റെ ചിലരേഖകൾ കണ്ടുകിട്ടിയിട്ടുള്ളതുകൊണ്ടു് ആ ഗുരു ഐർലംഗൻതന്നെയെന്നൂഹിക്കപ്പെട്ടിരിക്കുന്നു.

പ്രശസ്തമായ ഒരു വൈദുഷ്യപാരമ്പര്യമുള്ള വംശമായിരുന്നു ഐർലംഗന്റേതു്. അദ്ദേഹത്തിന്റെ ശ്വശുരനായ ധർമ്മവംശൻ, 'ശിവശാസനം' എന്നൊരു ധർമ്മശാസ്ത്രഗ്രന്ഥവും, മഹാഭാരതത്തിന്റെ ഒരു തർജ്ജമയും, ജാവകഭാഷയിൽ നിർമ്മിക്കുന്നതിന്നു പണ്ഡിതന്മാരെ പ്രോത്സാഹിപ്പിച്ചതായി കാണുന്നുണ്ടു്. എന്നാൽ ഐർലംഗന്റെ കാലത്താണു് ജാവയിലെ മണിപ്രവാളസാഹിത്യം ഉത്ഭവിക്കുന്നതു്. ധാരാളം സംസ്കൃതവും, ജാവകഭാഷയും കൂട്ടിക്കലർത്തിയ ഈ മണിപ്രവാളത്തിന്നു് 'കവി' എന്നാണു് പേരു്. "അർജ്ജുനവിവാഹം" എന്നു പേരായ പ്രസിദ്ധ മണിപ്രവാളകാവ്യം ഐർലംഗന്റെ പ്രോത്സാഹനഫലമായുണ്ടായതാണു്.

ഐർലംഗനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. മരണത്തിന്നു മുൻപുതന്നെ അദ്ദേഹം തന്റെ സാമ്രാജ്യത്തെ രണ്ടായി മക്കൾക്കു പങ്കിട്ടുകൊടുത്തു. ജംഗളമെന്നും പിഞ്ജലു എന്നുമായിരുന്നു ഈ രാജ്യവിഭാഗങ്ങൾക്കു കൊടുത്ത പേരുകൾ. ഇതിൽ ആദ്യത്തേതിനെപ്പററി വല്ലതായ അറിവൊന്നും നമുക്കു ലഭിച്ചിട്ടില്ല. പിഞ്ജലുവിന്റെ പേരു കാലക്രമംകൊണ്ടു് അതിന്റെ തലസ്ഥാനമായ കദരി എന്നതിൽ ലയിച്ചു. കദരി രാജാക്കന്മാർ ജംഗളുവിനേയും കീഴടക്കി പ്രബലന്മാരായിത്തീർന്നു. ശ്രീ ജയവർഷദിഗ്ജയൻ എന്നു പേരായ കദരീശ്വരന്റെ ലേഖനത്തിൽനിന്നു അയാൾ സാമാന്യം പ്രാബല്യമുള്ള ഒരു രാജാവായിരുന്നു എന്നു തെളിയുന്നുണ്ടു്. ത്രിഗുണൻ എന്നു പേരായ മഹാകവി കൃഷ്ണായനം എന്ന കാവ്യം ഈ രാജാവിന്റെ ആജ്ഞയനുസരിച്ചാണു് നിർമ്മിച്ചതു്. ജയവർഷന്റെ അനന്തരഗാമിയായിരുന്ന കാമേശ്വരനെന്ന രാജാവു കൌളമതാവലംബിയായിരുന്നു. സ്മരദഹനകർത്താവായ ധർമ്മയൻ എന്ന കവിയുടെ പുരസ്കർത്താവായിരുന്ന ഈ രാജാവിന്റെ വംശത്തേയും മററുംപററി ആ കാവ്യത്തിൽ വിവരിച്ചിട്ടുണ്ടു്. കാമേശ്വരന്റെ റാണിയുടെ പേരു ശ്രീ കിരണ എന്നായിരുന്നുവെന്നും അതിൽ പറഞ്ഞിരിക്കുന്നു. കാമേശ്വരന്റെ പുത്രനായ ജയഭാഗനും ഒരു സാഹിത്യപ്രണയി ആയിരുന്നു. ആ രാജാവിന്റെ ആജ്ഞാനുസരണമാണു് "ഭാരതയുദ്ധം" എന്ന കാവ്യം നിർമ്മിക്കപ്പെട്ടതു്. ജാവാദ്വീപിന്റെ സമ്രാട്ടായിട്ടാണു ജയഭാഗനെ ഇതിൽ വർണ്ണിച്ചിട്ടുള്ളതു. ഘടോൽക്കചാശ്രയമെന്നു വേറെ ഒരു കാവ്യവും ഇക്കാലത്തുതന്നെ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. ജയഭാഗന്റെ കാലം 1150 നു അടുക്കലാണെന്നു തീർച്ചയാക്കപ്പെട്ടിരിക്കുന്നു.

കാമേശ്വരൻ ദ്വിതീയനാണു് പിന്നീടു ഈ വംശത്തിൽ പ്രതാപിയായി ഉണ്ടായ രാജാവു. അദ്ദേഹത്തിന്റെ അഭിഷേകനാമം ശ്രീകാമേശ്വര ത്രിവിക്രമാവതാര അനിവാര്യവീര്യപരാക്രമദിഗ്വിജയോത്തുംഗ ദേവനെന്നായിരുന്നു. ആ രാജാവിന്റെ കാലത്തു ജാവാ സാമ്രാജ്യം ഒരു നാവികശക്തിയായിത്തുടങ്ങിയിട്ടുണ്ടെന്നു "സേനാപതി സർവ്വജല" എന്നൊരുദ്യോഗപ്പേരു കാണുന്നതുകൊണ്ടു തീർച്ചയാക്കാം. താനാകുങ്ങെന്നൊരു കവി ഈ രാജാവിന്റെ സദസ്യനായി ജീവിച്ചിരുന്നു. അയാളുടെ കൃതിയായി ലുബ്ധകം എന്നും വൃത്തസഞ്ചയമെന്നും രണ്ടു ഗ്രന്ഥങ്ങൾ പ്രചാരത്തിലുണ്ടു്.

കാമേശ്വരൻ ദ്വിതീയന്റെ കാലത്തിനുശേഷം കദരിവംശത്തിനു ക്ഷയമാണുണ്ടായതു. ആ വംശത്തിലെ ഒടുവിലത്തെ രാജാവായ കൃതജയൻ 1216 ൽ രാജ്യം ഭരിച്ചിരുന്നു എന്നൊരു ശിലാലേഖനത്തിൽനിന്നു തെളിയുന്നുണ്ടു്. നഗരകൃതാഗമമെന്ന ഗ്രന്ഥത്തിൽ ഈ രാജാവിനെപ്പററിയും, കദരിവംശത്തിന്റെ വൃദ്ധിക്ഷയങ്ങളെപ്പററിയും പറഞ്ഞുകാണുന്നു. ബ്രാഹ്മണരും സന്ന്യാസിമാരും തന്നെ വന്ദിക്കണമെന്നു കൃതജയൻ ആജ്ഞാപിച്ചുവത്രേ. അതിനു വിസമ്മതം പറഞ്ഞ ബ്രാഹ്മണരെ കൃതജയൻ രാജ്യത്തിൽനിന്നു ബഹിഷ്കരിച്ചു. അവർ തുമാപേൽ സാമന്തരാജാവിനെ അഭയം പ്രാപിച്ചു. കൃതജയൻ തുമാപേലാധിപനെ ശിക്ഷിക്കുന്നതിനായി യുദ്ധത്തിന്നൊരുങ്ങി; എന്നാൽ ബ്രാഹ്മണശാപം കൊണ്ടായിരിക്കാം, അയാൾക്കു നാശമാണു സംഭവിച്ചതു. അയാളോടുകൂടി കദരിവംശവും അസ്തമിച്ചു.

പിന്നീടു ജാവയിൽ ഉത്ഭവിച്ച പ്രധാനവംശത്തിനു സിംഘസാരി എന്നാണു് പറയാറുള്ളതു. ഈ വംശത്തിന്റെ സ്ഥാപകൻ അംഗ്രോക്കു എന്നൊരാളായിരുന്നു. ആദ്യകാലത്തു കൊള്ളക്കാരനായിരുന്ന അംഗ്രോക്കു ക്രമേണ ഒരു സൈന്യം ശേഖരിച്ചു. കൃതജയനും ബ്രാഹ്മണരുമായുണ്ടായ ലഹളക്കാലത്തു അംഗ്രോക്കിന്റെ ശക്തി വർദ്ധിക്കുവാൻ അവസരംകിട്ടി. കൃതജയന്റെ മരണശേഷം ഈയാൾ രംഗരാജസൻ എന്ന പേർ സ്വീകരിച്ചു, പൂർവ്വജാവകം മുഴുവൻ കീഴടക്കി ഭരിച്ചു. ഈ പുതിയ വംശത്തിന്റെ തലസ്ഥാനനഗരമായിരുന്നു സിംഘസാരി. രംഗരാജസൻ 1227 ൽ മരണംപ്രാപിച്ചു. രാജസന്റെ പുത്രനായ അനുഷ്ഠനാഥൻ അധികനാൾ രാജ്യം ഭരിച്ചില്ല. അവകാശവാദങ്ങൾകൊണ്ടു

15 വർഷത്തോളം രാജ്യത്തിനു അഭിവൃദ്ധി ഉണ്ടാകാതെ കിടന്നു. പിന്നീട്, 1248 ൽ രാജാവായ വിഷ്ണുവർദ്ധനന്റെ കാലത്തു സിംഘസാരി ജാവയിലെ പ്രധാന ശക്തിയായിത്തീർന്നു എന്നു പറയാം. ആ രാജാവാണു മജാപഹിത്തെന്ന പുതിയ നഗരം നിർമ്മിച്ചു് രാജധാനി അങ്ങോട്ടു മാററിയതു. മജാപഹിത്തെന്ന പേരിലാണു് പിൽക്കാലത്തു ഈ രാജ്യം പ്രസിദ്ധമായതു.

വിഷ്ണുവർദ്ധനൻ 1268 ൽ മന്ദരഗിരി എന്ന സ്ഥലത്തുവെച്ചു മരിച്ചു. വിഷ്ണുവർദ്ധനന്റെ മകനായിരുന്നു പ്രസിദ്ധനായ കൃതനഗരൻ. അയാൾ സ്വീകരിച്ച ബിരുദങ്ങൾ ഇപ്രകാരമായിരുന്നു. "ശ്രീ ലോകവിജയപ്രശസ്ത ജഗദീശ്വരാനന്ദ പരാക്രമാനിവാര്യ്യ വിഘ്നാലംഘനീയ നരസിംഹമൂർത്തി". ഏതായാലും രാജസഭയിലെ പണ്ഡിതന്മാർ സംസ്കൃതപക്ഷപാതികളായിരുന്നു എന്നു തീർച്ചതന്നെ! കൃതനഗരൻ ബാലിദ്വീപം ജയിച്ചു കീഴടക്കി എന്നുമാത്രമല്ല ബാലീശ്വരനെ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും തൃപ്തിയാകാതെ കൃതനഗരൻ ശൈലേന്ദ്രശക്തിയെ ധർഷണം ചെയ്തു ശ്രീവിജയം ആക്രമിച്ചു. 1275 ൽ വലിയ ഒരു നാവികസൈന്യവുമായി സുമാട്രയിൽ ഇറങ്ങി, അവിടെ പല ഭാഗങ്ങളും പിടിച്ചടക്കി. "കൃതനഗരവിക്രമധർമ്മോത്തുംഗദേവ"ന്റെ ആജ്ഞാനുസരണം ഒരു മൂർത്തി സ്ഥാപിച്ചതായി വിവരിക്കുന്ന ഒരു സാക്ഷ്യം കണ്ടുകിട്ടിയിട്ടുണ്ടു്. ഈ രാജാവു ഇപ്പോൾ ബോർണിയോ എന്നു നാം പറയുന്ന ബകുളപുരത്തേയും ആക്രമിച്ചധീനമാക്കിയതായിക്കാണുന്നു. കൃതനഗരന്റെ സഹോദരിയോ മകളോ ആയ രൂപസീ എന്ന രാജകുമാരിയെ ചമ്പേശ്വരനായ ജയസിംഹവർമ്മൻ നാലാമൻ വിവാഹംചെയ്തതായും കാണുന്നു.

കൃതനഗരന്റെ കാലത്തു ദ്വീപാന്തരങ്ങളിൽ ശൈലേന്ദ്രന്മാരുടെ ശക്തിയെക്കവിഞ്ഞു ജാവ അധികാരം നടത്തിയിരുന്നു എന്നു, ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ. ഈ പ്രതാപൈശ്വര്യ്യങ്ങൾ വളരെ നാൾ നിലനിന്നില്ല. കൃതനഗരന്റെ അന്ത്യകാലങ്ങൾ വലിയ വൈഷമ്യത്തിലായിരുന്നു. രാജ്യത്തിലേ പ്രഭുക്കന്മാർ ഇളകിനിന്നു രാജാവിന്റെ ശക്തിയെ എതിർത്തു. ഒടുവിൽ അവർ കൊട്ടാരംതന്നെ വളഞ്ഞു താന്ത്രികക്രിയകളിൽ ഏർപ്പെട്ടിരുന്ന രാജാവിനെ വധിച്ചു എന്നാണു കാണുന്നതു.

കൃതനഗരൻ ഹിന്ദുമതത്തെ ഉപേക്ഷിച്ചു ബൗദ്ധമതം സ്വീകരിച്ചതാണു് കലഹത്തിനുള്ള കാരണമെന്നു തോന്നുന്നു. ഏതായാലും അക്കാലംവരെയുള്ള ജാവാധിപന്മാർ ശിവഭക്തന്മാരായിരുന്നു എന്നുള്ളതിനും കൃതനഗരൻ വയസ്സുകാലത്തു ബൗദ്ധകൗളമാർഗ്ഗത്തിൽ ചേർന്നു വാമാചാരങ്ങൾ സ്വീകരിച്ചു എന്നുള്ളതും തീർച്ചതന്നെ. ഈ കാലത്തു കൗളാചാരങ്ങൾക്കു ദ്വീപാന്തരങ്ങളിൽ ഉണ്ടായിരുന്ന പ്രചാരത്തെപ്പററി മുൻപൊരു ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

കൃതനഗരനുശേഷം അയാളുടെ ജാമാതാവായ വിജയൻ, കൃതരാജസജയവർദ്ധനൻ എന്ന പേരോടുകൂടി സിംഹാസനാരോഹണം ചെയ്തു. ജയവർദ്ധനൻ ഹിന്ദുമതമാണു് അനുസരിച്ചിരുന്നെന്നുള്ളതിനു അദ്ദേഹം പണിയിച്ച ശിവക്ഷേത്രവും ഹരിഹരക്ഷേത്രവും സാക്ഷിയാണു്. ജയവർദ്ധനനുശേഷം രാജ്യംഭരിച്ച ജയനഗരനും അന്തഃഛിദ്രബാധകൊണ്ടു മററു കാര്യ്യങ്ങളിൽ പ്രവർത്തിക്കുന്നതിനു അവസരം കിട്ടിയില്ല. പ്രഭുക്കന്മാരുടെ പല ഉപദ്രവങ്ങൾ അദ്ദേഹത്തിനു നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. അവയിലെല്ലാം ജയനഗരനു വലതുകയ്യായി നിന്നതു ഗജമദൻ എന്നൊരുദ്യോഗസ്ഥനായിരുന്നു. അയാൾ ക്രമേണ ഉയർന്നു 1331 ൽ ജയനഗരന്റെ പ്രധാനമന്ത്രിയായി.

ഈ ജയനഗരന്റെ ചില ലേഖനങ്ങളിൽ "ശ്രീസുന്ദരപാണ്ഡ്യദേവാധീശ്വരനാമ രാജാഭിഷേക വിക്രമോത്തുംഗദേവൻ" എന്നു സ്വയം വിവരിച്ചിട്ടുള്ളതായി കാണുന്നു. സുന്ദരപാണ്ഡ്യൻ മുതലായ പേരുകൾ തമിഴരാജ്യക്കാർക്കു മാത്രമുള്ളതാകയാൽ മജാപഹിത്തും, പാണ്ഡ്യദേശവുമായി എന്തോ അടുത്ത ബന്ധമുണ്ടായിരുന്നതായി ഊഹിക്കണം. ഈ സ്ഥാനം ജയനഗരൻ ആദ്യമായി ഉപയോഗിച്ചു കാണുന്ന ലിഖിതം 1314-ൽ ആണു്. മാലിക് കാഫൂർ എന്ന മുഹമ്മദീയ സേനാനി ഇതിനു സ്വല്പം മുൻപാണല്ലോ മധുരാനഗരം ആക്രമിച്ചു കീഴടക്കിയതു. വല്ല പാണ്ഡ്യരാജാക്കന്മാരും യവനശക്തിയെ ഭയന്നു ജാവയിൽ എത്തി അങ്ങിനെയുണ്ടായ കുടുംബബന്ധമായിരിക്കുമോ ഈ സ്ഥാനത്തിനവലംബമെന്നറിഞ്ഞുകൂടാ. ഏതായാലും പാണ്ഡ്യരുടെ മീനദ്ധ്വജലാഞ്ഛനവും ഈ ജയനഗരൻ സ്വീകരിച്ചതായി കാണുന്നു. ജയനഗരന്റെ കാലത്തു മജാപഹിത്തുവംശം ജാവ മുഴുവൻ ഭരിച്ചിരുന്നതുകൂടാതെ ബോർണിയോ മുതലായ സ്ഥലങ്ങളിലും അധികാരം നടത്തിയിരുന്നു.

ഈ ജയനഗരന്റെ മരണം കാമിനിമൂലമായിരുന്നു. തഞ്ചൻ എന്നു പേരായ ഒരു സാമന്തന്റെ ഭാര്യ്യയിൽ രാജാവിനു മോഹം തോന്നുകയാൽ ആ സ്ത്രീയുടെ മാനഭംഗം വരുത്തുന്നതിനു ജയനഗരൻ ഉദ്യമിച്ചു. അല്പം കഴിഞ്ഞു രാജാവിനു് ഒരു കുരു വന്നപ്പോൾ ശസ്ത്രപ്രയോഗത്തിനു തഞ്ചനെയാണു ക്ഷണിച്ചതു്. അയാൾ കുരുവിൽചെയ്ത ശസ്ത്രപ്രയോഗം രാജാവിന്റെ ജീവനിൽതന്നെയാണു ഫലിച്ചതു്. ഗജമദൻ ഉടൻതന്നെ തഞ്ചനേയും വധിച്ചു.

ജയനഗരനു പുത്രനില്ലാതിരുന്നതുകൊണ്ടു രാജ്യത്തിനവകാശിയായിത്തീർന്നതു കൃതനഗരന്റെ പുത്രിയും, കൃതരാജസന്റെ വിധവയുമായ സ്ത്രീയായിരുന്നു. അവർ ബൗദ്ധസന്യാസം സ്വീകരിച്ചിരുന്നതുകൊണ്ടു അവരുടെ പുത്രി "ത്രിഭുവനോത്തുംഗദേവി ജയവിഷ്ണുവർദ്ധിനി"യാണു പിന്നീടു രാജസിംഹാസനം അലങ്കരിച്ചതു്. ചക്രധരൻ എന്നൊരു സാമന്തന്റെ ഭാര്യ്യയായിരുന്ന ഈ മഹാറാണി ഗജമദന്റെ സഹായത്തോടുകൂടി രാജ്യം ഭരിച്ചു. ഗജമദന്റെ സ്വാമിഭക്തിയും ഭരണതന്ത്രകുശലതയുംകൊണ്ടു ജാവയുടെ അധികാരം സമീപദ്വീപങ്ങളിൽ ഇക്കാലത്തു മുൻപിലത്തേതിലും അധികം വ്യാപിച്ചു എന്നതിനു തർക്കമില്ല. പുത്രനു 16 വയസ്സായപ്പോൾ ത്രിഭുവനോത്തുംഗദേവി രാജ്യഭരണം ഉപേക്ഷിച്ചു. ഹയാംവരുക് എന്നു പേരായ ആ യുവാവു രാജസനഗരൻ എന്ന നാമമാണു് അഭിഷേകസമയത്തു സ്വീകരിച്ചതു്.

1350-ൽ ആരംഭിച്ച രാജസനഗരന്റെ രാജ്യശാസനം, 1389 വരെ ഐർലംഗദേവന്റെ ശേഷമുള്ള ജാവാരാജാവായ രാജാക്കന്മാരിൽ എല്ലാംകൊണ്ടും ഒന്നാമനെന്നു ഗണിക്കപ്പെടേണ്ടതു രാജസനഗരൻതന്നെയാണു്. ബൃഹൽഭാരത ദ്വീപുകളെല്ലാം അദ്ദേഹം ഓരോന്നായി ജാവയുടെ അധീനത്തിലാക്കി ദ്വീപാന്തരസാർവ്വഭൗമൻ എന്ന സ്ഥാനത്തിനു് അവകാശിയായി. ശൈലേന്ദ്രസാമ്രാജ്യം കീഴടക്കിയതുകൂടാതെ മലയായിലും പ്രവേശിച്ചു കടാഹം (Kedah) മുതലായ രാജ്യങ്ങളിലും ജാവാധിപതി സ്വാധികാരം പ്രതിഷ്ഠിച്ചു. നഗരകൃതാഗമം എന്ന ഗ്രന്ഥത്തിൽ ഈ സാർവ്വഭൗമന്റെ പരാക്രമവും ദിഗ്വിജയവും വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. ആസ്ത്രേലിയക്കു സമീപമുള്ള ടൈമൂർ എന്ന ദ്വീപു തൊട്ടു മലാക്കാവരെയുള്ള രാജ്യമെല്ലാം ഈ ചക്രവർത്തിക്കു അധീനമായിരുന്നു. ഫിലിപ്പൈൻദ്വീപസമൂഹം ഒഴിച്ചു ഇപ്പോൾ ജാപ്പാൻകാർ ആക്രമിച്ചു കീഴടക്കിയിരിക്കുന്ന സ്ഥലമെല്ലാം രാജസനഗരൻ ഭരിച്ചിരുന്നതാണെന്നു പറഞ്ഞാൽ ആ സാമ്രാജ്യത്തിന്റെ വൈപുല്യം മനസ്സിലാക്കാമല്ലൊ. നഗരകൃതാഗമത്തിൽ മാത്രമല്ല ഈ സംഗതികൾ വിവരിച്ചിട്ടുള്ളതു്. മലയായിലുള്ള ഗ്രന്ഥങ്ങളും കൃതരാജസന്റെ സാമ്രാജ്യവിസ്തൃതി സമ്മതിക്കുന്നുണ്ടു്. ചീനചരിത്രങ്ങളും ഈ ചക്രവർത്തിയുടെ മാഹാത്മ്യം മറന്നിട്ടില്ല.

നഗരകൃതാഗമം 1365-ലാണു് എഴുതിത്തീർത്തതെന്നു തീർച്ചയാക്കപ്പെട്ടിട്ടുണ്ടു്. മജാപഹിത്തുസാമ്രാജ്യത്തിലെ അക്കാലത്തെ സ്ഥിതിയെപ്പററി അതിൽനിന്നു മനസ്സിലാക്കാം. ഇന്ത്യയോടും ചീനത്തോടും ഇടവിടാതുള്ള സംസർഗ്ഗമുണ്ടായിരുന്നു എന്നും, ശ്രാമണരും ബ്രാഹ്മണരും ധാരാളമായി അവിടെ വന്നുകൊണ്ടിരുന്നുവെന്നും ആ ഗ്രന്ഥത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. കാഞ്ചീപുരവാസിയായ ബുദ്ധാദിത്യൻ എന്നൊരു ശ്രാമണനും, മുതലിസഹൃദയൻ എന്നു പേരായ ഒരു തമിഴനും രാജസനഗരനെപ്പററി പ്രശസ്തിശ്ലോകങ്ങൾ എഴുതി സമർപ്പിച്ചതായും പറഞ്ഞിട്ടുണ്ടു്.

ഇത്ര വലിയ ഒരു സാമ്രാജ്യം ഭരിച്ചുകൊണ്ടുപോരുന്നതിനു നാവികശക്തിയാണു് അത്യാവശ്യമായിരുന്നതെന്നു പറയേണ്ടതില്ലല്ലോ. മജാപഹിത്തിന്റെ നാവികശക്തി ശൈലേന്ദ്രസാർവ്വഭൗമന്മാരുടേതിനോടു തുല്യമായിരുന്നു എന്നു തീർച്ചതന്നെ. ഇതെല്ലാം ഭരിച്ചുപോന്നതു പ്രധാനമന്ത്രിയായ ഗജമദൻതന്നെയായിരുന്നു. അയാൾക്കുശേഷം ആ സ്ഥാനത്തിൽ നിയമിക്കപ്പെട്ടതു ഗജഎങ്കൺ എന്നൊരാളായിരുന്നു. ഗജമദൻ അതിവിശിഷ്ടനായ ഒരു മഹാമാത്യനായിരുന്നതുകൂടാതെ സുസമ്മതനായ ഒരു പണ്ഡിതനും ആയിരുന്നു. അദ്ദേഹത്തിന്റെ കൃതിയായ "കുടാരമാനവം" എന്നൊരു നീതിശാസ്ത്രഗ്രന്ഥവും കണ്ടുകിട്ടിയിട്ടുണ്ടു്.

രാജസനഗരനുശേഷം ജാവയിലെ ഹിന്ദുസാമ്രാജ്യം ഒരു ശതാബ്ദത്തോളം നീണ്ടുനിന്നുവെങ്കിലും അതിന്റെ ശക്തി ക്രമേണ ക്ഷയിച്ചുവന്നു. ശൈലേന്ദ്രസാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടി തുറമുഖങ്ങളിൽ പാർത്തിരുന്ന മുഹമ്മദീയ വ്യാപാരികൾ തങ്ങളുടെ മതം ക്രമേണ പ്രചരിപ്പിക്കുവാൻ തുടങ്ങി. ഭാരതവർഷവുമായുള്ള ബന്ധവും, ബങ്കാൾ ഉൾക്കടലിൽ മുഹമ്മദീയരുടെ നാവികശക്തി നിമിത്തം ശിഥിലമായപ്പോൾ ജാവയിലെ ഹൈന്ദവസംസ്കാരത്തിനു ബലമില്ലാതായിത്തീർന്നു. 1478-ൽ മജാപഹിത്തുനഗരം മുഹമ്മദീയർ കീഴടക്കി. അതോടുകൂടി ഹിന്ദുമതം ജാവയിൽ നശിച്ചു എന്നു പറയാം.

(മംഗളോദയം.)

# യുദ്ധാനന്തരജീവിതം

## (പട്ടാളത്തിൽനിന്ന് പിരിഞ്ഞു വരുന്നവൎക്ക്)

യുദ്ധം അവസാനിച്ചാൽ പട്ടാളത്തിൽനിന്ന് പിരിഞ്ഞുവരുന്നവരുടെ ജീവിതോദ്ദേശവും രീതിയും എന്തായിരിക്കും, എന്തായിരിക്കണം എന്നുള്ള പ്രശ്നം ഇന്ത്യാ ഗവൎമ്മേണ്ടിന്റെ ഗാഢമായ ആലോചനക്കു വിഷയീഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനെപ്പററി ചിന്തിക്കേണ്ടതിന്ന് മാത്രം റികൺസ്ട്രക്ഷൻ കമിററി ഓഫ് കൌൺസിൽ (പോളിസി കമിററി നമ്പർ 1) രൂപീകരിച്ചിട്ടുണ്ട്. വൈസരോയി കൌൺസിലിലെ ഡിഫെൻസ് മെമ്പറാണ് ഇതിന്റെ അദ്ധ്യക്ഷൻ. കാൎയ്യാലോചന ചെയ്യേണ്ടതിന്ന് ഇത്രയെല്ലാം ഇന്ത്യാ ഗവൎമ്മേണ്ട് ചെയ്തുവെച്ചിട്ടുണ്ടെങ്കിലും പട്ടാളത്തിൽനിന്ന് പിരിഞ്ഞുവരുന്നവരുടെ ജീവിതരീതി ഏതു നിലക്കുള്ളതായിരിക്കേണമെന്ന് ക്ലിപ്തമായി ഇനിയും നിശ്ചയിക്കാൻ നിവൃത്തിയില്ല. ഇതിന്നു കാരണം മറെറാന്നുമല്ല; ആലോചനക്കുള്ള കാൎയ്യങ്ങൾ ഇനിയും മുഴുവൻ സൂക്ഷ്മമായി അവലോകനം ചെയ്യേണ്ട ഘട്ടമായിട്ടില്ല. ഇന്നുള്ള ഇന്ത്യൻസൈന്യത്തിന്റെ ഓരോ ശാഖകളിൽ ഉള്ളവരെ എത്രകണ്ടു സൈന്യജീവിതത്തിൽതന്നെ നിലനിൎത്തിപോരേണ്ടിവരുമെന്നുതന്നെ ഇനിയും തീൎച്ചയായിട്ടില്ല. യുദ്ധം കഴിഞ്ഞാലും പിന്നീടു എത്രകാലത്തേക്കു ഇന്നുള്ള സൈന്യശക്തി നിലനിൎത്തിപോരേണ്ടിവരുമെന്നും തീൎച്ചപ്പെട്ടിട്ടില്ല. എന്നുമുതല്ക്കാണ് പിരിച്ചുവിടേണ്ടവരെ പിരിച്ചുവിടുവാൻ തുടങ്ങുകയെന്നും ഇപ്പോൾ നിൎണ്ണയിക്കാവുന്ന സംഗതിയല്ല. ഇന്ന് പലെ കാൎയ്യങ്ങളിലും ഊഹങ്ങൾ മാത്രമെ നിവൃത്തിയുള്ളു. പ്രസ്തുത ഊഹങ്ങളിൽ പലതും യഥാൎത്ഥത്തിൽനിന്ന് എത്രയൊ അകന്നിട്ടായേക്കാമെങ്കിലും, പൊതുവെ യുദ്ധാനന്തരപദ്ധതിയെക്കുറിച്ചുള്ള കാൎയ്യപരിപാടി വിശ്വാസയോഗ്യമായിട്ടുതന്നെയാണിരിക്കുക.

കടൽസൈന്യത്തെക്കുറിച്ചും, വിമാനസൈന്യത്തെക്കുറിച്ചും വളരെ വൈഷമ്യമുള്ള പ്രശ്നങ്ങളൊന്നും വേണ്ടിവരുന്നതല്ല. യുദ്ധത്തിന്ന് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്കു പ്രസ്തുത രണ്ടു സൈന്യശാഖകളേയും കുറക്കുമെന്ന് ഊഹിക്കപോലും സാദ്ധ്യമല്ല. കൊല്ലം 1939 ൽ കടൽസൈന്യത്തിൽ 1,500 ൽ അധികം ആളുകൾ ഉണ്ടായിരുന്നില്ല: ഇന്ത്യൻ വിമാന സൈന്യമാകട്ടെ അതിന്റെ ബാല്യദശയിലുമായിരുന്നു. പോരെങ്കിൽ രണ്ടു ശാഖകളിലുള്ളവൎക്കും മിക്കവാറും സാങ്കേതികമായും തൊഴിൽ സംബന്ധമായും ഉള്ള പരിശീലനങ്ങളും ലഭിച്ചിരുന്നു. യുദ്ധകാലത്തേക്കു മാത്രമെന്ന നിശ്ചയത്തിന്മേൽ കടൽ സൈന്യത്തിലേക്കെടുത്തവർകൂടി കച്ചവടക്കപ്പൽ സൎവീസിൽ ഒഴിവു കാണുന്നതായിരിക്കും. ഈ നിലക്കു കടൽസൈന്യത്തിലുള്ളവരിൽ അല്പം ചിലൎക്കുമാത്രമെ തൊഴിൽ കണ്ടുപിടിക്കാൻ പ്രയാസമുണ്ടാകയുള്ളു. ഇന്ത്യൻ വിമാനസൈന്യത്തിലുള്ളവരിൽ മിക്കവൎക്കും യുദ്ധാനന്തരമുണ്ടാകുന്ന സിവിൽ വൈമാനിക സൎവീസിൽ ജോലികിട്ടുന്നതാണ്. ഈ സൎവീസ് അതിവിപുലമായ നിലയിൽ വൎദ്ധിക്കാതിരിക്കുന്നതുമല്ല. അതിനാൽ, മേൽപറഞ്ഞ രണ്ടു സൈന്യശാഖകളിലുമുള്ളവരെ സംബന്ധിച്ചു പൊതുവെ ഗൌരമായ ഒരു പ്രശ്നത്തിന്നിടവരുന്നതല്ല. ഏറെക്കുറെ, ഇവ രണ്ടിലും ഉള്ള ചില പ്രത്യേക വ്യക്തികളെക്കുറിച്ചു മാത്രം ചിന്തിക്കേണ്ടവരുമെന്നേ ഉള്ളു.

കാലാൾ പടയിലുള്ളവരെക്കുറിച്ചെല്ലാം പ്രശ്നത്തിന്ന് വളരെ വ്യത്യാസമുണ്ട്. ഇന്ന് കാലാൾപടയിലുള്ളതിൽ ചുരുങ്ങിയതു 15 ലക്ഷത്തോളം ജനങ്ങൾക്ക് സിവിൽ ജീവിതത്തിലേക്കു മടങ്ങിവരാതെ കഴികയില്ല. നാല്പതുകോടി ജനങ്ങളുടെ ഇടയിൽ 15 ലക്ഷം ജനങ്ങളുടെ കാൎയ്യം അത്ര ഗൌരവമായ ഒരു പ്രശ്നമാകയില്ലെന്ന് ചിലർ ധരിച്ചേക്കാം. എന്നാൽ പട്ടാളത്തിലേക്ക് ഇന്ത്യയിൽനിന്നു ആളെ എടുത്തിരിക്കുന്നത് എല്ലാ സ്ഥലങ്ങളിൽനിന്നും ഒരേ തോതിലല്ല. ചില പ്രദേശങ്ങളിൽനിന്ന് ഒട്ടും ആളുകളെ എടുത്തിട്ടില്ലെന്നുവന്നേക്കാം. നേരെമറിച്ച് ചില ചെറിയ പ്രദേശങ്ങളിൽനിന്നൊ സമുദായങ്ങളിൽനിന്നൊ അവയുടെ യുവചൈതന്യം മുഴുവനും പട്ടാളത്തിൽ ചേൎന്നിട്ടുണ്ടെന്നും വന്നേക്കാം. പട്ടാളത്തിലേക്ക് ആളെ ചേൎത്തിരിക്കുന്നത് ഈ നിലക്കായതിനാൽ, യുദ്ധാനന്തരം പിരിച്ചുവിടുന്ന ഘട്ടത്തിൽ അവരെക്കുറിച്ചുള്ള പ്രശ്നം ഏററവും ഗൌരവമാവാൻ വഴിയുണ്ട്.

ഇത്ര ജനങ്ങളെ, പതിനഞ്ചുലക്ഷത്തോളം ജനങ്ങളെ ഒന്നായി പിരിച്ചുവിട്ടു, അതിന്നുശേഷം അവരെ സിവിൽ ജീവിതത്തിൽ സന്തുഷ്ടിയോടുകൂടി സ്ഥാപിക്കേണ്ടതിന്റെ ചിലവുകാൎയ്യം തന്നെ വളരെ ഗൌരവമുള്ളതാണ്. എന്നാൽ അവർ യുദ്ധകാലങ്ങളിൽ സൈന്യജീവിതത്തിൽ സിവിൽ ജീവിതത്തിലുള്ളതിനേക്കാൾ എത്രയൊ ഉയൎന്നതരത്തിലുള്ള ജീവിതരീതി ആചരിച്ചുവന്നുവെന്നുള്ളതാണ് ഈ പ്രശ്നം അധികം വിഷമമാക്കിത്തീൎക്കുന്നത്. മാത്രമല്ല പട്ടാളത്തിൽ വിദ്യാഭ്യാസം ലഭിക്കുകയും, ഏതെങ്കിലും ചില തൊഴിൽ അഭ്യസിക്കുകയും ചെയ്യാനിടവന്നതുകൊണ്ട് അവരുടെ സംസ്കാരത്തിന്നും മനസ്ഥിതിക്കും വളരെ വ്യത്യാസം ഉണ്ടായിരിക്കുന്നതാണ്. ഇവരിൽ പലരും അനവധി വിദേശരാജ്യങ്ങളും അവിടങ്ങളിലെ സമുദായജീവിതവും കാൺമാനിടവന്നതിനാൽ അവൎക്കു ജീവിതത്തോടുള്ള വീക്ഷണത്തിന്നുതന്നെ വളരെ വ്യത്യാസം വന്നിട്ടുണ്ടായിരിക്കണം. പട്ടാള ജീവിതംകൊണ്ട് ഇവരെല്ലാം ഏറെക്കുറെ സ്വാത്മാഭിമാനം വൎദ്ധിച്ചവരുമായിരിക്കണം. അതിനാൽ മുമ്പുണ്ടായിരുന്നതിൽ ഉപരിയായ ഒരു ജീവിതരീതി ഇവൎക്കുണ്ടാവാനുള്ള കാംക്ഷ ഏതുവിധവും നിലനിൎത്തിപോരികതന്നെ വേണ്ടിയിരിക്കുന്നു. ജീവിതസുഖത്തിന്ന് ഇവൎക്കുള്ള കാംക്ഷ സാധാരണ നാടന്മാൎക്കുള്ളതിൽ എത്രയോ ഉയൎന്നിട്ടുള്ളതായിരിക്കും; ഈ കാംക്ഷക്കു തടസ്ഥം വരുന്നപക്ഷം നാളെത്തെ സമുദായത്തിന്റെ സുസ്ഥിരമായ പടവിന്നു പററിയവരാകുന്നതിന്നുപകരം ഈ കൂട്ടർതന്നെ സമുദായത്തിൽ അതൃപ്തിയും ആശാഭംഗവും വളൎത്തുവാനുള്ള പ്രധാനകേന്ദ്രങ്ങളായി ഭവിക്കുന്നതാണ്.

കാലാൾ പട്ടാളത്തിലുള്ളവരെ സംസ്ഥാനവാറായി പരിശോധിക്കുന്നതായാൽ പഞ്ചാബിൽനിന്നാണ് ഏററവും വലിയ സംഖ്യയുണ്ടായിരിക്കുക. യുദ്ധം അവസാനിക്കുമ്പോഴേക്കും പഞ്ചാബിൽനിന്നു മാത്രം ആറുലക്ഷം ജനം പട്ടാളത്തിൽ ഉണ്ടായിരിക്കും. ഇതിൽ അധികവും ദാരിദ്ര്യം നിറഞ്ഞ വടക്കൻ പഞ്ചാബ് ജില്ലകളിൽനിന്നാണ്. ഇവരിൽ മികവരും കൃഷിക്കാരുമാണ്. കൃഷിക്കാരാണെങ്കിലും മുപ്പതോ നാല്പതോ ശതമാനത്തിലധികം ആളുകൾ ഭൂമി ഉടമസ്ഥന്മാരല്ല. മററുള്ളവരെല്ലാം ഭൂമി ഉടമസ്ഥതയില്ലാത്ത വെറും പാട്ടകൃഷിക്കാരാണ്, അല്ലെങ്കിൽ കൂലിക്കാരോ, കമ്മാളരൊ ആണ്. എന്നാൽ പട്ടാളത്തിൽ ചേൎന്നതിന്നുശേഷം ഇവരിൽ പലരും ഒന്നല്ലെങ്കിൽ മറെറാരു തൊഴിൽ ശീലിക്കാനിടവന്നിട്ടുണ്ട്. മൂന്നുലക്ഷത്തിമുപ്പത്തിമൂവ്വായിരം പഞ്ചാബികളുടെ ലിസ്റ്റ് തെയ്യാറാക്കീട്ടുള്ളതിൽ അറുപത്തിനാലായിരത്തോളം മോട്ടോർ ഡ്രൈവർമാരും പതിന്നാലായിരം ഫിററർമാരുമാകുന്നു.

അതൃത്തി സംസ്ഥാനം വളരെ ചെറിയ സംസ്ഥാനമായതിനാൽ താരതമ്യേന അവിടെനിന്നും പട്ടാളത്തിൽചേൎന്നവരുടെ സംഖ്യ ചില്ലറയല്ല. ഇന്നു ഈ സംസ്ഥാനത്തിൽനിന്ന് എഴുപതിനായിരം യോദ്ധാക്കൾ പട്ടാളത്തിലുണ്ട്. ഇതിൽ എമ്പതു ശതമാനംകണ്ടു കൃഷിസംബന്ധമായ തൊഴിലുകളിൽ വളൎന്നവരുമാകുന്നു. യുദ്ധം കഴിഞ്ഞാൽ ഇവർ ഇവരുടെ പഴയ കൃഷിത്തൊഴിലിലേക്കുതന്നെ മടങ്ങിപോകുന്നവരുമാണ്. ഈ സംസ്ഥാനത്തിൽനിന്നു ചേൎന്നവരിൽ 42,000 ആളുകളുടെ ലിസ്റ്റ് തെയ്യാറായിട്ടുണ്ട്. ഇവരിൽ 8,000 ആളുകൾ പട്ടാളത്തിൽ മോട്ടോർ ഡ്രൈവർമാരും, അനവധി ആളുകൾ മററു സാങ്കേതിക പരിശീലനം ലഭിച്ചവരുമാണ്.

സിന്ധു സംസ്ഥാനത്തിൽനിന്ന് 5,000 ആളുകൾ മാത്രമെ പട്ടാളത്തിൽ ചേൎന്നിട്ടുള്ളു. ഐക്യസംസ്ഥാനത്തിൽനിന്ന് രണ്ടു ലക്ഷം ഉണ്ടെങ്കിലും ഘർവാൾ, കുമൌണി എന്നീ ജില്ലകളൊഴിച്ച് മററൊന്നിൽനിന്നും അധികരിച്ചു തോതിൽ പട്ടാളത്തിലേക്കു ആളുകളെ എടുത്തിട്ടില്ല. ബങ്കാളിൽനിന്ന് ഒരു ലക്ഷം ആളുകൾ പട്ടാളത്തിലുണ്ട്. ഒറീസ്സയിൽനിന്ന് 3,000 ത്തിൽ അധികം ആളുകളില്ല. അസ്സാമിൽനിന്ന് പതിനായിരവും, ബീഹാറിൽനിന്ന് നാല്പതിനായിരവും ഉണ്ട്. മദ്ധ്യസംസ്ഥാനത്തിൽനിന്ന് 25,000 ആളുകളെ ഉള്ളു. പഞ്ചാബൊഴിച്ചാൽ അധികം ആളുകൾ പട്ടാളത്തിലുള്ളത് മദിരാശി സംസ്ഥാനത്തിൽനിന്നാകുന്നു. എന്നാൽ ഒരു മദ്രാസ് ജില്ലയിൽനിന്നും 30,000 ത്തിൽ അധികരിച്ച ആളുകളില്ല. മദിരാശിക്കാരിൽ എമ്പതു് ശതമാനം കണ്ടു് ഉൾനാട്ടുകളിലുള്ള കൃഷിക്കാരാണ്. ബോംബായിൽനിന്ന് ഒരു ലക്ഷവും, രജപുത്താന, സെൻട്രൽ ഇന്ത്യാ എന്നീ പ്രദേശങ്ങളിൽനിന്ന് അയ്മ്പതിനായിരവും ആളുകൾ പട്ടാളത്തിലുണ്ട്. ചുരുക്കി പറയുന്നതായാൽ, ഇന്ന് കാലാൾ പട്ടാളത്തിലുള്ളവരിൽ 80 ശതമാനം ആളുകൾ ഗ്രാമവാസികളും, കൎഷകന്മാരുമാണെന്നുള്ള സംഗതി യുദ്ധാനന്തരപദ്ധതിയിൽ പ്രത്യേകമായ ആലോചനക്കു വിഷയീഭവിക്കുന്നതായിരിക്കും. ഇവരെക്കുറിച്ച് മറെറാരു യഥാൎത്ഥ സംഗതികൂടി ആലോചിപ്പാനുള്ളത് ഇവരിൽ മിക്കവരും കൎഷകന്മാരാണെങ്കിലും ഭൂമി ഉടമസ്ഥത ഇല്ലാത്തവമാണ്. ഈ വിധം ഇവരെക്കുറിച്ച് പൊതുവെ വിവക്ഷിക്കാവുന്നതാണെങ്കിലും യുദ്ധാനന്തരപദ്ധതിയെക്കുറിച്ചുള്ള കാൎയ്യാലോചനകൾ അധികം ഫലപ്രദമാവുക സംസ്ഥാനവാറായി പ്രസ്തുത പദ്ധതികളെ രൂപീകരിച്ചാൽതന്നെയാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.